

# ടൈംസ് ഓഫ് അമേരിക്കൻമലയാളി

## സാംസ്കാരികം

TIMES OF AMERICAN MALAYALI

2020
ഡിസംബർ





Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com






2

Every Indian will be proud to know that a very old idol of Devi Annapurna is returning to India from Canada. This idol was stolen from a temple of Varanasi and smuggled out of the country around 1913. I express my gratitude to the Government of Canada and to all those for this large heartedness who made this propitious deed possible. Mata Annapoorna has a very special relationship with Kashi. Now the coming back of her Idol is pleasing for all of us.



പ്രഭാഷണം
**വീണ്ടെടുക്കേണ്ട സാംസ്കാരിക തനിമ**



3 ഗുരുരത്നം ജ്ഞാനതപസ്വി

മറ്റൊരു കാലത്തുമില്ലാത്തനിലയിൽ ഭൂരിപക്ഷസമുദായവും ന്യൂനപക്ഷസമുദായവും തമ്മിൽ വലിയ പോർമുഖം തുറക്കുകയായി. കേരളം അത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. പ്രധാന രാഷ്ട്രീയ സമ്മേളനങ്ങളിലും ഉയർന്നുകേൾക്കുന്നത് ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും കുറിച്ചാണ്. ഇവർ സൃഷ്ടിക്കുന്ന പോർമുഖത്തെക്കുറിച്ചാണ്. ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും വോട്ടുകളാക്കി മാറ്റുന്ന അവസരവാദത്തിന്റെ വോട്ടുകളെ കണ്ണുവെച്ചുകൊണ്ടുള്ള കുശാഗ്രബുദ്ധിയിൽ ഇന്ന് രാഷ്ട്രിയ സംഘടനകൾ പ്രവർത്തിക്കുന്നു. ഭൂരിപക്ഷവും ന്യൂനപക്ഷവും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പറയുവാൻ കഴിയാത്ത സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മാറുകയാണ്.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സാംസ്കാരിക വകുപ്പ്**

4 എം.ആർ.വിജയനാഥൻ

ഇന്ത്യയിലെ ഏറ്റവും നല്ല ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടായി മിക്കവാറും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് തിരഞ്ഞെടുക്കപ്പെട്ടുകൊണ്ടിരുന്നത്. എൻ.വി.കൃഷ്ണവാരിയരെ സ്ഥാപക ഡയറക്ടറായി കിട്ടിയതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജയത്തിനാധാരം. എൻ.വിയുടെ ദീർഘദൃഷ്ടിയും കർമോത്സുകതയും സഹപ്രവർത്തകരെ പ്രചോദിപ്പിക്കാനുള്ള കഴിവും പദ്ധതികളും ഇൻസ്റ്റിറ്റ്യൂട്ടിന് ശക്തമായ അടിത്തറ നിർമിക്കുന്നതിനു കാരണമായിത്തീർന്നു.

**അഴീക്കോട് സാറിന്റെ അവസാന നാളുകൾ**



സുരേഷ് 5

**സാംസ്കാരികം**

8

ഡിസംബർ പ്രത്യേകതകൾ










# എന്റെ കൈ ആകാശത്തെ തൊടുമ്പോലെ ആയിരിക്കണം

## ഡീഗോ മറഡോണ (1960-2020)

ജോർജ് തഴക്കര




ജീവിച്ചിരിക്കുന്നവർക്കായി എന്താണ് ഓർമ്മപ്പെടുത്താനുള്ളത് എന്ന ചോദ്യത്തിന് ഡീഗോ അമാൻഡോ മറഡോണയ്ക്ക് വ്യക്തമായ ഉത്തരമുണ്ടായിരുന്നു. 'എന്റെ കൈ ആകാശത്ത് തൊടുന്നതുപോലെയായിരിക്കണം സ്മാരകശില. നന്ദി എന്നെഴുതിയ പന്ത് അതിൽ വെയ്ക്കണം.'

ഭൂമിയിൽ നിന്ന് ആകാശത്തെ തൊടുവാൻ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത അപൂർവ്വതയാണ് മറഡോണയ്ക്കുള്ളത്. ആ കാലുകളിൽ പന്തുരുളുമ്പോൾ ലോകജനത കൈകൾ ഉയർത്തി ആവേശഭരിതരായിരുന്നു. ആ കൈകളെല്ലാം കൂടി നിവർത്തിപ്പിച്ചാൽ ആകാശത്തിനുമപ്പുറം സ്വർഗം വരേയും അതെത്തുമെന്നായിരുന്നു മറഡോണയുടെ വിശ്വാസം.

നവംബർ 25ന് അർജന്റീനയിലെ ടിഗ്രേർ പട്ടണത്തിൽ ആ ഹൃദയം നിശ്ചലമായപ്പോൾ ശതകോടിജനങ്ങളുടെ ഹൃദയം വേദനയാൽ ഇരമ്പുകയായിരുന്നു.

കളിക്കളത്തിൽ ദൈവത്തിന്റെ കരുതലും ജീവിതത്തിൽ സാത്താന്റെ തലോടലുമായി ജീവിച്ച വൈരുദ്ധ്യതയാണ് മറഡോണ. പന്താടിയ ജീവിതമായിരുന്നു അത്.

തലച്ചോറിൽ രക്തം കട്ടപിടിച്ചതിനെ തുടർന്ന് നവംബർ ആദ്യം ശസ്ത്രക്രിയയ്ക്കു വിധേയനായി വിശ്രമജീവിതം നയിച്ചുവരവേയാണ് ആ ജീവിതം നിശ്ചലമായത്. പോസ്റ്റ്മോർട്ടത്തിനുശേഷം അർജന്റീന പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ കാസറൊഡയിലെത്തിച്ച മൃതദേഹത്തിനു ചുറ്റുമുള്ള കാഴ്ചകൾ സ്റ്റേഡിയത്തിലെ കളംവാണ കാലത്തിന്റെ സ്മരണകളായിരുന്നു. അഞ്ചടി അഞ്ചിഞ്ചുകാരന്റെ ഉയരം അത്രത്തോളം ഉയരത്തിലായിരുന്നു. ദൈവം ഭൂമിയിലേക്ക് ഇറങ്ങിവരുന്നത് പല രൂപത്തിലായിരുന്നു. മറഡോണയുടെ മുന്നിലെത്തിയതോ കാൽപ്പന്തായും! പന്തിലൂടെ ദൈവം ലോകത്തെ ഏകമനസ്സുള്ളവരാക്കുവാൻ പരിശ്രമിക്കുകയായിരുന്നു.

വായുവിൽ പറന്നുയർന്ന് ശിരസ്സുകൊണ്ട് പന്ത് വരുതിയിലാക്കി വലയിലേക്കിട്ട 1982ലെ ഹംഗറിയൻ വിസ്മയം ആർക്കാണ് വിസ്മരിക്കാനാവുക. ഇപ്പോഴിതാ... മറഡോണ, കാൽപ്പന്ത് ദൈവമായി പുനരുത്ഥാനം ചെയ്ത സന്നിധിയിലേക്ക് സമാധാനമായി മടങ്ങുകയാണ്.

നന്ദിയോടെ.....



**2020 November**




My dear countrymen,

Namaskar! I want to share a good news with you all at the beginning of Mann ki Baat today. Every Indian will be proud to know that a very old idol of Devi Annapurna is returning to India from Canada. This idol was stolen from a temple of Varanasi and smuggled out of the country around 100 years ago somewhere around 1913. I express my gratitude to the Government of Canada and to all those for this large heartedness who made this propitious deed possible. Mata Annapoorna has a very special relationship with Kashi. Now the coming back of her Idol is pleasing for all of us. Just like the idol of Mata Annapurna, a lot of our invaluable heritage has suffered at the hands of International gangs. These gangs sell them at a very high price in the international market. Now not only are they being subjected to heavy restrictions; India has also increased her efforts for their return. Because of such efforts, India has been successful in bringing back lots of such idols and artifacts in the past few years.There is a coincidence attached with the return of the idol of Mata Annapurna… World Heritage Week was celebrated only a few days ago. World Heritage Week provides a wonderful opportunity to the lovers of culture to revisit the past and to know about the history of these important milestones. In spite of these times of corona, this time, we saw people celebrate this Heritage week in an innovative manner. Culture helps a lot during crisis, plays a major role in handling it. Even with the help of technology, culture works like an emotional recharge. Today, lots of museums and libraries in the country are working to make their collection fully digital. In Delhi, our National museum has made some commendable efforts in this respect. National museum is working on introducing around ten virtual galleries- isn't this interesting! Now, sitting at your home, you can tour National Museum galleries of Delhi. On the one hand it is important to take cultural heritage to the maximum number of people through the medium of technology, the use of technology is also important for the conservation of this heritage. Recently I was reading about an interesting project. There is an island named Svalbard in the north of Norway. A project,Arctic World Archive has been set upon this island. Invaluable heritage data has been stored in this archive in such a manner that no natural or man made disaster can affect it. Just recently,we have received information that the heritage of Ajanta caves is also being digitized and preserved in this project. A full view of the caves of Ajanta shall be on display in this. Along with the digitalized and restored painting, it shall also have important documents and quotes related to it. Friends, the pandemic has on the one hand changed our ways of working; on the other it has provided us with an opportunity to experience nature in a new manner. Our perspective in observing nature has also undergone a change. We are now stepping into the winter season. We will get to see myriad hues of nature. For the past few days Internet is full of viral pictures of Cherry Blossoms. You might be thinking that when I am referring to Cherry Blossoms I am talking about Japan's distinct identity but it's not like that. These are not pictures of Japan. These are pictures of Shillong of our Meghalaya. These cherry blossoms have further enhanced the beauty of Meghalaya.

Friends,

this twelfth of November marked the commencement of the 125th birth anniversary celebrations of Dr. Salim Ali ji. Dr. Salim has done illustrious work in the field of bird watching – the avian world. This has also attracted bird watchers of the world towards India. I have always been an ardent admirer of people who are fond of bird watching. With utmost patience, for hours together from morn to dusk, they can do bird watching, enjoying the scenic beauty of nature; they also keep passing on the knowledge gained to us. In India too, many bird watching societies are active. You too should connect yourselves with this subject. Amid the hectic routine of my life, recently in Kevadia, I alsogot a memorable opportunity to spend time with birds. Time spent among birds will bond you closer to nature, it will also inspire you towards the environment.

My dear countrymen,

India's culture and Shaastras, knowledge has always been a centre of attraction for the entire world. Many people came to India to discover & study them & stayed back for ever, whereas some of them returned to their respective countries as carriers of this culture. I got an opportunity to know about the work of Jonas Masetti, also known as Vishwanath. Jonas teaches Vedanta & Geeta to people in Brazil. He runs an institution named Vishwavidya, situated in the hills of Petropolis, an hour's distance from Rio De Janeiro. Jonas, after studying Mechanical Engineering worked in his stock market company. Later he was drawn towards Indian culture, especially Vedanta. From stocks to spirituality, it has truly been a long journey for him. Jonas studied Vedanta Philosophy in India, staying at Arsha Vidya Gurukulam in Coimbatore for four years. Jonas has another specialty- he is using technology to propagate his message. He regularly conducts online programmes. He also does a daily podcast. During the last seven years, through his free open courses on Vedanta, Jonas has taught over a lakh & a half students. Jonas is not only doing great work – he is doing it through a language understood by a large number of people. People are much keen on knowing how this could be of help to them during these times of Corona & quarantine. Through the medium of Mann Ki Baat, I congratulate Jonas on his efforts & wish him well for his future endeavors.

Friends,

similarly, one piece of news might have caught your attention. Newly elected MP in New Zealand Dr. Gaurav Sharma took the Oath of office in one of the ancient languages of the world – Sanskrit. The dissemination of Indian culture on part of an Indian fills us with pride. Through the medium of Mann Ki Baat, I extend best wishes to Gaurav Sharma ji. All of us wish he attains newer achievements in the service of the people of New Zealand.

My dear countrymen,

tomorrow on the 30th of November, we shall celebrate the 551st Prakash Parv, birth anniversary of Guru Nanak Dev ji. The world over, the influence of Guru Nanak Dev ji is distinctly visible.

From Vancouver to Wellington, from Singapore to South Africa his messages are heard all around. It is mentioned in Guru Granth Sahib –"sevak ko seva bun aayee", that is the work of a sevak, a servant is to serve. In the past few years at many important junctures we had the opportunity to serve as a Sevak. Guru Sahib awarded us the opportunity to serve. 550th Prakash Parva of Guru Nanak Dev ji, 350th Prakash Parv of Shri Guru Govind Singh ji, next year we will have 400th Prakash Parv of Shri Guru Teg Bahadur ji too. I feel that I have been specially blessed by Guru Sahib that he has associated me very closely with his work.

Friends,

do you know that there is a Gurudwara, Lakhpat Gurudwara Sahib, in Kutch.Shri Guru Nanak ji had stayed at Lakhpat Gurudwara Sahib during his Udaasi, his spiritual travels. During the 2001 earthquake this Gurudwara too faced damage. It was the blessings of Guru Sahib that I was able to ensure its restoration. Not only was the renovation done; its glory and grandeur were restored too. All of us were bestowed with ample blessings of Guru Sahib. The restoration efforts of Lakhpat Gurudwara were honored with the Award of Distinction by the UNESCO Asia Pacific Heritage Award in 2004. The jury that gave away the award found that during the restoration, the fine details of the art and architecture were given special care. The jury also noted that in the restoration of the Gurudwara not only did the Sikh community participate actively; it was done under their guidance too. I had the good fortune of visiting Lakhpat Gurudwara when I was not even the Chief Minister. I used to feel immensely energized being there. Everyone feels blessed on visiting this Gurudwara. I feel very grateful that Guru Sahib has granted me the opportunity to serve regularly. Opening of the Kartarpur Sahib corridor in November last year was historic. I will cherish this lifelong in my heart. It is the good fortune of all of us that we got the opportunity to serve Shri Darbaar Sahib once more. It has now become easier for our Sikh brothers and sisters abroad to send contributions in the service of Darbaar Sahib. With this step, the Sangat, the followers all over the world have come closer to Darbaar Sahib.

Friends ,

it was Guru Nanak Dev ji who started the tradition of Langar and ➲6

പ്രഭാഷണം

# വീണ്ടെടുക്കേണ്ട സാംസ്കാരിക തനിമ



ഗുരുരത്നം ജ്ഞാനതപസ്വി

**ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും വോട്ടുകളാക്കി മാറ്റുന്ന അവസരവാദത്തിന്റെ വോട്ടുകളെ കണ്ണുവെച്ചുകൊണ്ടുള്ള കുശാഗ്രബുദ്ധിയിൽ ഇന്ന് രാഷ്ട്രീയ സംഘടനകൾ പ്രവർത്തിക്കുന്നു. ഭൂരിപക്ഷവും ന്യൂനപക്ഷവും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പറയുവാൻ കഴിയാത്ത സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മാറുകയാണ്. വർഗീയത എന്ന പേരിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ആ വർഗ്ഗീയതയെ ചോദ്യം ചെയ്യുന്ന വലതുപക്ഷ- ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ചില ചിന്തകൾ. അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ അവർക്കാർക്കും തന്നെ ഈ പറയുന്ന വർഗീയതയ്ക്കെതിരെ പറയുവാനോ പ്രവർത്തിക്കുവാനോ മതേതരത്വം പറയുവാനോ യാതൊരു അവകാശവുമില്ല.**

**പൗ**രാണികമായി പ്രത്യേകതയുള്ള പ്രദേശമാണ് ഹരിപ്പാട്. ആത്മീയമായി ഒരുപാടു പ്രത്യേകതകളുള്ള പ്രദേശം. വിവിധ ദേവാലയങ്ങളും അമ്പലങ്ങളും പള്ളികളും അതുപോലെ ആത്മീയ കേന്ദ്രങ്ങളും ഒക്കെയായി നിറഞ്ഞുനിൽക്കുന്ന വലിയ സംസ്കാരം ഉൾക്കൊള്ളുന്ന സ്ഥലമാണിത്.

പൗരാണികത എന്നു പറയുന്നത് സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. ആരാധനാകേന്ദ്രങ്ങളും ആത്മീയകേന്ദ്രങ്ങളും മതപരമായ പ്രവർത്തനങ്ങളിൽ നിന്നുള്ളതാണ്. അത് സംസ്കാരവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. നമ്മുടെ സംസ്കാരത്തനിമയെ, നമ്മുടെ പൈതൃകത്തെ മുന്നിൽകൊണ്ടുവരാൻ ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് പറയുന്നത് ആ പ്രദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതകൂടിയാണ്.

വിവിധ സംസ്കാരങ്ങൾ, വിഭിന്നമായ ജീവിത രീതികൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്തെ ആശ്രമത്തിലേക്ക് ഭക്തർ കടന്നുവരികയും ചെയ്യുന്നു. ഈ ആശ്രമം ഇവിടെ സ്ഥാപിക്കുന്നതിനുമുമ്പുതന്നെ ഈ പ്രദേശത്തിന്റെ വടക്കേയറ്റത്താണ് കരുണാകര ഗുരുവിന്റെ ജന്മഗൃഹം. ഒരുകാലത്ത് ലോകത്തിന്റെ വലിയ തീർത്ഥാടന കേന്ദ്രമായി മാറേണ്ടുന്ന ഇടമാണിത്. ആ ആശ്രമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും ഇവിടെയുള്ളവർക്ക് കഴിഞ്ഞു. ആ ആശ്രമത്തിന്റെ, ജന്മഗൃഹത്തിന്റെ വളർച്ചയ്ക്ക് സാരമായ പങ്കുവഹിച്ച ആളുകൾ ഇവിടെയുണ്ട്. വളരെ അഭിമാനകരമായ കാര്യമാണത്.

ആശ്രമത്തിന്റെ ജീവിതരീതി വ്യത്യസ്തമാണ്. ആ ജീവിതരീതി നമ്മുടെ ജീവിതത്തിൽ ഉൾക്കൊള്ളുവാൻ സാധിക്കണം. അതിലേക്ക് സമൂഹത്തെ ആകർഷിക്കുവാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷം നമ്മൾ കണ്ടെത്തുകയുണ്ടായി. ശാന്തിഗിരി പരമ്പര എന്നു പറയുന്നത് വളരെ വ്യത്യസ്തമായ, സ്വതന്ത്രമായതാണ്. നമ്മുടെ ഗുരു വസിച്ച പോത്തൻകോട് ആശ്രമം നമ്മെ സംബന്ധിച്ചിടത്തോളം സ്മൃതിയും ഭക്തിയും കുടികൊള്ളുന്നിടമാണ്. ശാന്തിഗിരി പരമ്പര എന്നു പറയുന്നത് വളരെ വ്യത്യസ്തമായ വ്യതിരിക്തമായ ഒന്നാണ്. ജാതിമത വർഗ്ഗവർണ്ണ വ്യത്യാസം കൂടാതെയുള്ളതാണത്. ആശ്രമത്തിൽ ജാതിയോ മതമോ വർണ്ണമോ ഒരു വ്യക്തിയേയും സ്വാധീനിക്കുന്നില്ല. 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന് ഗുരുദേവൻ പറഞ്ഞ വാക്യം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്ന ഒരു പരമ്പരയാണത്. മിശ്രവിവാഹങ്ങളെ ആശ്രമം പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ ഇടയിൽ വിവാഹത്തെ സംബന്ധിച്ചോ മറ്റു കാര്യങ്ങളെ സംബന്ധിച്ചോ ജാതിയോ മതമോ ഒന്നും മാനദണ്ഡമല്ല. നായർ ഈഴവനേയും, ഈഴവൻ പറയനേയും, പറയൻ ബ്രാഹ്മണനേയും, ക്രിസ്ത്യാനി ഹിന്ദുവിനേയും പരസ്പരം ജാതിയോ വർണ്ണമോ മറന്ന് വിവാഹം കഴിക്കുന്ന ഒരു രീതി ആശ്രമത്തിന്റെ മാത്രം പ്രത്യേകതയാണ്. ജാതി രഹിത സമൂഹം എന്നതാണ് നമ്മുടെ ഗുരു വിഭാവനം ചെയ്തത്. ആ വിഭാവന വസുധൈവകുടുംബകം എന്നു പറയുന്നതുപോലെ ലോകത്തിലുള്ള എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്നു പറയുന്നു. പ്രത്യേകമായ ജാതിയുടെയോ മതത്തിന്റെയോ വർണ്ണങ്ങളുടെയോ വിഭാഗിയതയുടെയോ പേരിൽ മാറി നിൽക്കേണ്ടവരല്ല.

മാനവികത എന്ന വലിയ കാര്യത്തെ മുൻനിർത്തിക്കൊണ്ട് ഉദ്ബോധിപ്പിച്ച മഹാത്മാവിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ പിൻതുടരുകയാണ് നാം ചെയ്യുന്നത്. കുടുംബം എന്നു പറയുന്നത് ഒരു സംശുദ്ധിയാണ്. അച്ഛൻ അമ്മ മക്കൾ എന്നു പറയുന്ന സ്നേഹം, ഊഷ്മളത, പരസ്പരമുള്ള വികാരങ്ങൾ പങ്കുവയ്ക്കുന്നു. സഹോദരൻ സഹോദരി സ്നേഹം- ആ ഊഷ്മളത ഇതൊക്കെയാണ് നമ്മുടെ സമൂഹത്തിന് ഇന്ന് ഏറ്റവും ആവശ്യം.

ലോകത്തിലെ ഏറ്റവും വലിയ തീവ്രവാദി സംഘടനയായ ഐ.എസ്. അതിലേക്ക് പോയ മകനെ പിൻതിരിയാതിരിപ്പിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ആ മാതാവിനെ നിഷ്കരുണം ആളുകളുടെ മുന്നിൽവെച്ച് ചിന്നഭിന്നമാക്കുകയുണ്ടായി എന്ന വാർത്ത കണ്ടുകൊണ്ടാണ് ലോകം ഇന്ന് പുലർന്നത്. മകൻ അപകടത്തിലേക്ക് കടന്നുപോകുമ്പോൾ അവനെ പിൻതിരിപ്പിക്കുവാൻ ശ്രമിച്ചതിന്റെ പേരിലായിരുന്നു അത് നടന്നത്. സമാധാനപരമായ, ശാന്തിതമായ, സൗഹൃദപരമായ, മാനവികമായ ഒരു ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ശ്രമിച്ച ഒരമ്മയെ നിഷ്ഠൂരം വെടിവെച്ചുകൊല്ലുവാൻ ഒരു മകനു കഴിയുന്നുവെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും മാനസികാവസ്ഥ എങ്ങനെയായി തീർന്നിരിക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കണം. ആഗോളജീവിതം, ആഗോള സമൂഹം ലോകം ആസകലം നോക്കിയാൽ എല്ലായിടവും സംഘർഷമാണ്.

കഴിഞ്ഞദിവസം പത്താംകോട്ടിലുണ്ടായ സംഭവം. അതിന്റെ ഞെട്ടലിൽനിന്ന് നാം മാറിയിട്ടില്ല. മലയാളിയായ ഒരു സൈനികൻ, സാധാരണക്കാരനായ ഒരു യുവാവ്, തീവ്രവാദികളുടെ ബോംബുകൾക്കുമുന്നിൽ പൊട്ടിത്തകർന്ന് നാമാവിശേഷമായി. ഭാര്യയുടെ, പിഞ്ചുകുഞ്ഞിന്റെ കരച്ചിൽ ഇന്നു നമ്മുടെ രാജ്യത്തിന്റെ മനഃസാക്ഷിയുടെ കോണുകളിൽനിന്നും മാറിയിട്ടില്ല. ആഗോളതലത്തിൽ ലോകത്തെ നിയന്ത്രിക്കുന്നത് തീവ്രവാദപ്രശ്നങ്ങളാണ്. ചില ആശയത്തിൽ പ്രവർത്തിക്കുന്ന ആളുകൾ, ആ ആശയത്തിന്റെ മൗലികതയെ മുൻ നിർത്തി ജീവിക്കുകയും ആ മൗലികത യാഥാസ്ഥിതികതയിലേക്കു മാറുകയും അതാണ് വലുതെന്നുകരുതി മറ്റുള്ളവരോട് അസഹിഷ്ണുത കാണിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം വരുമ്പോഴാണ് മതത്തിന് പരാജയമുണ്ടാകുന്നത്. ഇന്ന് ഇസ്ലാം മതത്തിൽ അരാജകത്വം ഉണ്ട്. ആ അരാജകത്വം പ്രവാചകൻ പറഞ്ഞതല്ല. പ്രവാചകന്റെ വാക്കുകളിൽ നിന്നുമാറി 1500 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ജീവിതരീതിയിലെ ചില കാര്യങ്ങളെ മാത്രം മുൻനിർത്തിക്കൊണ്ട് ആശയത്തിന്റെ മൗലികതയെ മാത്രമെടുത്ത് പ്രയോഗിച്ചുകൊണ്ട് അതിനെ വർഗ്ഗീകരിക്കുന്ന രീതിയിലേക്ക് മാറുമ്പോൾ ആ ആശയങ്ങളിൽ പ്രവർത്തിക്കുന്ന, യാഥാസ്ഥിതികരായ ആളുകൾ അഴിച്ചുവിടുന്ന ദുഷ്ടത്വം പൊതുസമൂഹത്തെയാകമാനം ബാധിക്കുന്നു.

എല്ലാ മതങ്ങളിലും ഈ അസഹിഷ്ണുത നിലനിൽക്കുന്നു. എല്ലാ മതങ്ങളിലും വിഭാഗീയത നിലനിൽക്കുന്നു. വർഗീയമത്സരങ്ങൾ ഹിന്ദുമതത്തിലും ഇസ്ലാം മതത്തിലും മാത്രമേയുണ്ടായിരുന്നുള്ളു. പക്ഷേ, ഇന്ന് ആശയപരമായി ഉൾപിരിവുകൾ എല്ലാ മതത്തിലും ഒരുപോലെയാണ്. ഹിന്ദുമതമെന്നോ ഇസ്ലാം മതമെന്നോ വ്യത്യാസമില്ല.

ഇന്ത്യയിൽ 85 ശതമാനത്തോളം ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരാണ്. പതിനഞ്ചു ശതമാനത്തോളമുള്ളവർ മറ്റു ന്യൂനപക്ഷമതങ്ങളിൽ പെടുന്നു. നിയതമായ അവകാശം, ആ ഭൂരിപക്ഷത്തിന്റെ സമീപത്തേക്ക് അസംഘടിതരായ ന്യൂനപക്ഷത്തെ എത്തിക്കുവാൻ വേണ്ടി നമ്മുടെ രാജ്യത്തിന്റെ ഭരണഘടന എഴുതിയ സമയത്ത് ന്യൂനപക്ഷങ്ങൾക്ക് കൂടുതൽ അവകാശം കിട്ടുന്നതിനുവേണ്ടി പ്രത്യേക ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. അങ്ങനെ ഭൂരിപക്ഷവും ന്യൂനപക്ഷവും തമ്മിലുള്ള പ്രശ്നം വർദ്ധിച്ചു. ഭൂരിപക്ഷവും ന്യൂനപക്ഷവും തമ്മിൽ വിടവുകളുണ്ടായി. മറ്റൊരു കാലത്തുമില്ലാത്തനിലയിൽ ഭൂരിപക്ഷസമുദായവും ന്യൂനപക്ഷസമുദായവും തമ്മിൽ വലിയ പോർമുഖം തുറക്കുകയായി. കേരളം അത് ചർച്ചചെയ്തുകൊണ്ടിരിക്കുന്നു. പ്രധാന രാഷ്ട്രീയ സമ്മേളനങ്ങളിലും ഉയർന്നു കേൾക്കുന്നത് ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും കുറിച്ചാണ്. ഇവർ സൃഷ്ടിക്കുന്ന പോർമുഖത്തെക്കുറിച്ചാണ്. ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും വോട്ടുകളാക്കി മാറ്റുന്ന അവസരവാദത്തിന്റെ വോട്ടുകളെ കണ്ണുവെച്ചുകൊണ്ടുള്ള കുശാഗ്രബുദ്ധിയിൽ ഇന്ന് രാഷ്ട്രീയ സംഘടനകൾ പ്രവർത്തിക്കുന്നു. ഭൂരിപക്ഷവും ന്യൂനപക്ഷവും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പറയുവാൻ കഴിയാത്ത സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മാറുകയാണ്. വർഗീയത എന്ന പേരിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ആ വർഗ്ഗീയതയെ ചോദ്യം ചെ യ്യുന്ന വലതുപക്ഷ- ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ചില ചിന്തകൾ. അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ അവർക്കാർക്കും തന്നെ ഈ പറയുന്ന വർഗീയതയ്ക്കെതിരെ പറയുവാനോ പ്രവർത്തിക്കുവാനോ മതേതരത്വം പറയുവാനോ യാതൊരു അവകാശവുമില്ല. കാരണം, ഓരോ തെരഞ്ഞെടുപ്പും വരുന്ന സമയത്തും എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതും നിർണ്ണയിക്കുന്നതും പ്രചരണം നടത്തുന്നതുമെല്ലാം ഈ പറയുന്ന വർഗീയതയുടെ പേരിലാണ്. മലപ്പുറം പോലുള്ള സ്ഥലങ്ങളിൽ ഇസ്ലാം മതസ്ഥരെ മാത്രം നിർത്തുകയും തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ നാടാർ സമുദായത്തിലുള്ളവരെ നിർത്തുകയും പാലായിലും കോട്ടയത്തും ക്രിസ്ത്യാനികളെ മാത്രം നിർത്തുകയും ചെയ്യുന്നതാണ് രാഷ്ട്രീയക്കാരുടെ തന്ത്രം. ആ തന്ത്രങ്ങളാണ് പ്രധാനമായും നമ്മുടെയൊക്കെയുള്ളിൽ വലിയ വർഗീയത സൃഷ്ടിക്കുവാൻ കാരണമായിത്തീരുന്നത്.

➲9

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## സാംസ്കാരിക വകുപ്പ്

## കേരള സർക്കാർ

**എം.ആർ.വിജയനാഥൻ**
(മുൻ അസിസ്റ്റന്റ് ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

**ഏ**താണ്ട് അരനൂറ്റാണ്ടുമുമ്പ് മലയാളസാഹിത്യം എത്രമാത്രം വികാസം പ്രാപിച്ചിരുന്നു എന്നു നോക്കുക രസാവഹമായിരിക്കും. കവിതയും കഥയും പോലുള്ള സാഹിത്യശാഖ ഏത് ഇന്ത്യൻ ഭാഷയോടും കിടപിടിക്കത്തക്ക വിധം വളർന്നു വികസിച്ചിരുന്നു. ഏറ്റവും പിന്നിൽ നിന്നിരുന്നത് വിജ്ഞാനസാഹിത്യമായിരുന്നു. വിജ്ഞാനസാഹിത്യ രചയിതാക്കളുടെ എണ്ണം തീരെകുറവ്. വായനക്കാരുടെ എണ്ണം പരിമിതം. ശ്രീ.പി.ടി.ഭാസ്ക്കരപ്പണിക്കർ, ഡോ.കെ.ഭാസ്കരൻനായർ തുടങ്ങിയവരുടെ രചനകളാണ് ഈ വിഭാഗത്തിൽ നമുക്കു ലഭിച്ചിരുന്നത്. മാതൃഭൂമി വാരികയിൽ ചിലപ്പോഴൊക്കെ ശാസ്ത്രലേഖനങ്ങൾ വരുമായിരുന്നു. വിജ്ഞാനവ്യാപനം ഇംഗ്ലീഷിലൂടെയായിരുന്നു പ്രധാനമായും നടന്നിരുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ചില ഭാഷാസ്നേഹികൾ ആ വിജ്ഞാനം മലയാളികൾക്കും ഉപകാരപ്പെടണമെന്നു കരുതി മാതൃഭാഷയിലും വിജ്ഞാനലേഖനങ്ങൾ എഴുതാൻ തുടങ്ങി. ഇത്തരം ലേഖനങ്ങൾ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടതോടുകൂടി മലയാളവിജ്ഞാനശാഖയെക്കുറിച്ച് സഹൃദയരായ ഭാഷാസ്നേഹികളിൽ ചിലർ തല്പരരായി. ഇവരുടെ മുൻപന്തിയിൽ എൻ.വി.കൃഷ്ണവാരിയരായിരുന്നു. ഇ.എം.എസ്സും അച്യുതമേനോനും മാതൃഭാഷയ്ക്കുവേണ്ടി വാദിച്ചു. തുടർന്ന് മലയാളത്തിലെ മിക്ക സാഹിത്യകാരന്മാരും അധ്യയന മാധ്യമവും ഭരണ മാധ്യമവും മാതൃഭാഷയായിരിക്കണമെന്ന ഘട്ടത്തിലേക്കു നീങ്ങി. വള്ളത്തോളിന്റെ കവിത മലയാളികൾക്കു മാർഗ്ഗദർശകമായിരുന്നു. ആന്ധ്രയിലെ ഉസ്മാനിയ യൂണിവേഴ്സിറ്റിയും മഹാത്മാഗാന്ധി സ്ഥാപിച്ച ഗുജറാത്തി വിദ്യാപീഠവും ഇന്ത്യയ്ക്കുതന്നെ മാതൃകയായിമാറി. നാഗപ്പൂർ സർവകലാശാല ഭാഗികമായി അധ്യയനമാധ്യമം മാതൃഭാഷയാക്കി. തമിഴ്നാടും ഹിന്ദിക്കാരും മാതൃഭാഷയ്ക്കുവേണ്ടി വാദിച്ചു. രാധാകൃഷ്ണൻ കമ്മീഷനും കോഠാരി കമ്മീഷനും പ്രാദേശിക ഭാഷതന്നെ അധ്യയന മാധ്യമമായിരിക്കണം എന്നു ശുപാർശ ചെയ്തു. 1968ൽ ദില്ലിയിൽ കൂടിയ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം ഈ ശുപാർശകൾ അംഗീകരിച്ചു. അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഡോ.ത്രിഗുണസേൻ ഈ ഉദ്യമങ്ങൾക്ക് നേതൃത്വവും പ്രോത്സാഹനവും നൽകി. ഹിന്ദി ഒഴികെയുള്ള പ്രാദേശിക ഭാഷകൾക്ക് കേന്ദ്രഗവൺ മെന്റ് ഒരു കോടി രൂപ വീതം അനുവദിച്ചു. അതോടുകൂടി പദ്ധതി യാഥാർത്ഥ്യമായി.

മാതൃഭാഷയുടെ വളർച്ച ലക്ഷ്യമാക്കി 1968 മാർച്ച് 11ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നു. ഏതാനും മാസത്തിനകം എല്ലാ ഗൗരവത്തോടെയും കൂടി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചു. അന്ന ത്തെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെയും വിദ്യാഭ്യാസമന്ത്രി സി.എച്ച്.മുഹമ്മദ് കോയയുടെയും മേൽനോട്ടവും സഹകരണവും ഇൻസ്റ്റിറ്റ്യൂട്ടിനു അനുഗ്രഹമായിത്തീർന്നു.

ഇന്ത്യയിലെ ഏറ്റവും നല്ല ലാങ്ഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടായി മിക്കവാറും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് തിരഞ്ഞെടുക്കപ്പെട്ടുകൊണ്ടിരുന്നത്. എൻ.വി.കൃഷ്ണവാരിയരെ സ്ഥാപക ഡയറക്ടറായി കിട്ടിയതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജയത്തിനാധാരം. എൻ.വിയുടെ ദീർഘദൃഷ്ടിയും കർമോത്സുകതയും സഹപ്രവർത്തകരെ പ്രചോദിപ്പിക്കാനുള്ള കഴിവും പദ്ധതികളും ഇൻസ്റ്റിറ്റ്യൂട്ടിന് ശക്തമായ അടിത്തറ നിർമിക്കുന്നതിനു കാരണമായിത്തീർന്നു.

തുടക്കത്തിൽ സർവ്വകലാശാലാതലത്തിൽ മലയാള പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. ക്രമേണ മലയാളഭാഷയെ പൊതുവെയും മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തെ പ്രത്യേകിച്ചും സമ്പന്നമാക്കാനുള്ള ഉത്തരവാദിത്വം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഏറ്റെടുക്കേണ്ടിവന്നു. ലക്ഷ്യങ്ങൾ പുനർനിർണയം ചെയ്തു.

1. ആധുനികവിജ്ഞാനപ്രചാരണത്തിനുള്ള ഫലപ്രദമായ മാധ്യമമായിത്തീരുമാറ് മലയാളഭാഷയെ വികസിപ്പിക്കുക.
2. ഭാരതീയ ഭാഷകൾക്കിടയിൽ പ്രയോജനപ്രദമായ സമ്പർക്കം വളർത്തിയെടുക്കുക.
3. സാമൂഹികവും വൈകാരികവുമായ ഉദ്ഗ്രഥനം ഉളവാക്കുന്നതിനുള്ള ഉപാധിയായി പ്രാദേശിക ഭാഷയെ അഭിവൃദ്ധിപ്പെടുത്തുക.

ഈ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ട വിവിധ പദ്ധതികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ഗവൺമെന്റ് ഏല്പിച്ചത്. മലയാളത്തിലെ ഏറ്റവും പ്രഗത്ഭരായ പണ്ഡിതന്മാരെത്തന്നെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിക്കുകയും ചെയ്തു. എൻ.വി.കൃഷ്ണവാരിയർ, പ്രൊഫ.സി.കെ.മൂസത്, ഡോ.കെ.പി.കരുണാകരൻ, ഡോ.എ.എൻ.പി.ഉമ്മർകുട്ടി, പ്രൊഫ.എസ്.ഗുപ്തൻനായർ, ഡോ.കെ.വേലായുധൻനായർ, ഡോ.കെ.എൻ.എഴുത്തച്ഛൻ, ഡോ.എം.പി.പരമേശ്വരൻ, പി.എ.വാരിയർ, വിഷ്ണുനാരായണൻ നമ്പൂതിരി, പി.നാരായണക്കുറുപ്പ്, പഴവിള രമേശൻ, പ്രൊഫ.ആർ.ഗോപിമണി, പ്രൊ.എം.ആർ.ചന്ദ്രശേഖരൻ, എസ്. അയ്യപ്പൻനായർ തുടങ്ങിയവർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാലപ്രവർത്തകരായിരുന്നു.

തിരുക്കൊച്ചിയിലെ സാഹിത്യവിജ്ഞാന ധർമസ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള 1955ലെ 12-ാം ആക്ടനുസരിച്ച് 1969 ഏപ്രിൽ 30-ാം തീയതി ഇൻസ്റ്റിറ്റ്യൂട്ട് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു ഗവേണിംഗ് ബോർഡിയും സ്റ്റാന്റിംഗ് കമ്മറ്റിയും ഉണ്ടായി. ഭരണവിഭാഗത്തിന്റെ തലവൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജയകരമായ പ്രവർത്തത്തിനായി പുസ്തകനിർമ്മാണം അഞ്ചു വിഭാഗങ്ങളിലായാണ് ആരംഭിച്ചത്.

1. സാമൂഹികശാസ്ത്രം: രാഷ്ട്രതന്ത്രം, ഭൂമിശാസ്ത്രം, ധനശാസ്ത്രം, സമുദായശാസ്ത്രം, ചരിത്രം, വിദ്യാഭ്യാസം, പൗരധർമം, വാണിജ്യം, ഗൃഹശാസ്ത്രം, മനശ്ശാസ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം.
2. പ്രകൃതിശാസ്ത്രവിഭാഗം
ജീവശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ഭൂവിജ്ഞാനം, കൃഷിശാസ്ത്രം, വൈദ്യശാസ്ത്രം, മൃഗസംരക്ഷണം
3. ഭൗതികശാസ്ത്രം
ഭൗതികം, രസതന്ത്രം, ഗണിതം, സാംഖ്യികം, ജ്യോതിശ്ശാസ്ത്രം.
4. സാങ്കേതിക ശാസ്ത്രം
5. ഭാഷയും സാഹിത്യവും

ഈ അഞ്ചു വിഭാഗങ്ങളിലായി പുസ്തകനിർമാണ പദ്ധതി ആരംഭിച്ചപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട ഏറ്റവും വലിയ പ്രശ്നം മലയാള സാങ്കേതിക പദങ്ങളുടെ അഭാവമാണ്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഓരോ സ്റ്റാഫും വാക്പിടിയന്മാരായി മാറി. അതിന്റെ ഫലമായി ഏതാനും ശബ്ദാവലികൾ നിർമിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു. മലയാളത്തിലെ ആദ്യസംരംഭമായിരുന്നു ഇത്. ശബ്ദാവലികളിൽ ഹിന്ദിയുടെ സ്വാധീനം കൂടിപ്പോയി എന്ന് വ്യാപകമായ പരാതി ഉയർന്നു. പരാതി കുറെയേറെ പരിഹരിക്കുകയും ചെയ്തു. വാസ്തവത്തിൽ നിലവിലുള്ള പല സാങ്കേതിക പദങ്ങളെക്കാളും ഉത്തമമായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റേത്. ഉദാഹരണമായി 'ക്വഥനാങ്ക'ത്തിനു (boiling point) പകരം 'തിളനിലയായിരുന്നു' ഇൻസ്റ്റിറ്റ്യൂട്ട് ഉപയോഗിച്ചിരുന്നത്.

സാങ്കേതിക പദങ്ങൾ ലഭിച്ചതോടുകൂടി പുസ്തകനിർമാണം വേഗത്തിലായി. ഇന്ത്യയിലെ മിക്ക ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ബഹുദൂരം പിന്നിലാക്കി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശ്വാസ്യത വർധിച്ചതോടുകൂടി പുതിയ പുതിയ ചുമതലകൾ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏല്പിച്ചു. മലയാള ലിപി പരിഷ്കരണവുമായി ബന്ധപ്പെട്ട പല ജോലികളും ഇൻസ്റ്റിറ്റ്യൂട്ടാണു ചെയ്തത്. മലയാളം ടൈപ്റൈറ്ററിന്റെ കീ ബോർഡ് പരിഷ്കരണവുമായി ബന്ധപ്പെട്ടാണ് ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോയിൻ ചെയ്യുന്നത്. ചുരുക്കെഴുത്തു പരിഷ്കരണവുമായി ബന്ധപ്പെട്ടും കുറേ ജോലികൾ ചെയ്തു. അങ്ങനെ ഏതാണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടക്കം മുതൽ ആ സ്ഥാപനത്തിൽ ജോലി ചെയ്യാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഭാരതീയ സാഹിത്യകാരന്മാരുടെ ഒരു തീർത്ഥാടനകേന്ദ്രമായിരുന്നു അന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

അക്കാലത്ത് കേരളത്തിലെ ഭൂരിപക്ഷം പ്രസ്സുകളും ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിൽ പരാജയപ്പെട്ടതായാണു കണ്ടത്. ഗണിത ചിഹ്നങ്ങൾ മിക്ക പ്രസ്സുകളിലും ലഭ്യമായിരുന്നില്ല. 2/3 ഇല്ല. അതുകൊണ്ട് 3/2 വച്ച് അച്ചടിക്കുന്നു. എന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കണം. കാലതാമസമൊഴിവാക്കിയല്ലോ' എന്നൊരു കുറിപ്പു തന്ന പ്രസ്സുടമയെ പിന്നീട് നളന്ദാ കോമ്പൗണ്ടിൽ കണ്ടതേയില്ല. സാങ്കേതിക ഗ്രന്ഥങ്ങൾ അച്ചടിക്കാൻ തയ്യാറുള്ള പ്രസ്സുകൾക്ക് അതിനുവേണ്ട ടൈപ്പുകൾ വരുത്തിക്കൊടുത്തു. എങ്കിലും അച്ചടിയുടെ നിലവാരം ഉയർന്നുവന്നില്ല. ഇതിനൊരു പരിഹാരമായാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിച്ചത്. വിജ്ഞാന മുദ്രണം പ്രസ്സ് എന്ന പേരിൽ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അച്ചടിയാവശ്യം ഏറെക്കുറെ നിർവ്വഹിക്കുവാൻ വിജ്ഞാനമുദ്രണം പ്രസ്സിനുകഴിഞ്ഞു. എങ്കിലും ക്രമേണ കേരളത്തിലെ സ്വകാര്യപ്രസ്സുകളുടെ നിലവാരം ഉയർത്താൻ കഴിഞ്ഞു എന്നുള്ളത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന ഭാരതീയ ഭാഷാവിദ്യാലയം അഖിലേന്ത്യാ തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയ സംരംഭമായിരുന്നു. തുടക്കത്തിൽ കന്നഡ, തമിഴ്, ബംഗാളി ഭാഷകളാണ് പഠിപ്പിച്ചത്. ഈ വിദ്യാലയത്തിന് വലിയ സ്വീകരണം ലഭിച്ചു. അവിടെനിന്നു പഠിച്ചിറങ്ങിയ പലരും പിന്നീട് അറിയപ്പെടുന്ന എഡിറ്റർമാരും വിവർത്തകരുമായി മാറി. കന്നഡ ക്ലാസിൽ ചേർന്നു പഠിക്കാനും നിരവധി കഥകൾക്കും കവിതകൾക്കും പുറമേ എട്ടു പുസ്തകങ്ങൾ കന്നഡയിൽനിന്നു മലയാളത്തിലേക്ക് വിവർത്തനം ചെയ്യാനും ഈ ലേഖകനു കഴിഞ്ഞു.

പ്രത്യേക തൊഴിൽദാനപദ്ധതി എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ട് നവീനമായ ഒരു പദ്ധതിക്ക് തുടക്കമിട്ടു. പ്രൊഫഷണൽ- പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദം നേടിയ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ഗ്രന്ഥരചനയിലും വിവർത്തനത്തിലും പരിശീലനം നൽകുകയായിരുന്നു ലക്ഷ്യം. പദ്ധതി സാമ്പത്തിക പരാധീനതയിൽപെട്ട് നിന്നുപോയെങ്കിലും മലയാളത്തിൽ ➲7



# അഴീക്കോട് സാറിന്റെ അവസാനനാളുകൾ

**സുരേഷ്**

*രണ്ടരപതിറ്റാണ്ടുകാലം സന്തതസഹചാരിയായിരുന്നു ലേഖകൻ*

**അ**ഴീക്കോട് സാറിന്റെ അവസാനനാളുകളെക്കുറിച്ചുള്ള അനുസ്മരണങ്ങളാണിത്. 2011ൽ എം.എ.ബേബിസാർ അഴീക്കോട് സാറിനെ കാണാൻ വന്നു. അന്ന് അദ്ദേഹത്തിന്റെ കൂടെ സന്തോഷ് എന്ന പല്ലുഡോക്ടറും ഉണ്ടായിരുന്നു. സാറിന് രാത്രിയിൽ പല്ലുകടിക്കുന്ന സ്വഭാവമുണ്ടെന്ന് ഞാൻ ഡോക്ടറിനോടു പറഞ്ഞു. അങ്കമാലിയിലുള്ള ക്ലിനിക്കിലേക്കു വരുവാൻ പറഞ്ഞു. അതനുസരിച്ച് എറണാകുളത്ത് ഒരു മീറ്റിംഗിനു പോകുമ്പോൾ അവിടെ പോയി. അഴീക്കോട് സാറിന്റെ പല്ലു ക്ലീൻ ചെയ്തു. പല്ലു ക്ലീൻ ചെയ്തപ്പോൾ അണ്ണാക്കിലെ പല്ലിനോടു ചേർന്ന് ഒരു ഗ്രോത്ത് ഉണ്ടെന്നു മനസ്സിലാക്കി. അദ്ദേഹത്തിന്റെ സുഹൃത്തായ ഒരു സർജ്ജനെ വിളിച്ചുവരുത്തി. ഗ്രോത്തിൽനിന്നും ഒരു ഭാഗം കട്ട് ചെയ്ത് ടെസ്റ്റിനു കൊടുത്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഡോക്ടറുടെ വിളിവന്നു. ഞാൻ ഡോക്ടറെ പോയി കണ്ടു. ഡോക്ടറുടെ ഉപദേശപ്രകാരം എം.ആർ.ഐ സ്കാനിംഗ് നടത്തി. താടിയെല്ലിനെ ബാധിച്ചിരിക്കുന്നു. റിസൽട്ടുമായി എറണാകുളത്ത് ഡോ.സി.കെ. രാമചന്ദ്രനെ കാണാൻ പോയി. ഡോക്ടറേയും കൂട്ടി ഡോ.വി.പി.ഗംഗാധരന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന് സാറിനെ നേരിട്ടു കാണണം എന്നറിയിച്ചു.

ഒരാഴ്ചയ്ക്കുശേഷം ഞാൻ സാറിനെയും കൂട്ടി ഡോ.സി.കെ.രാമചന്ദ്രന്റെ വീട്ടിൽ പോയി. അവിടെനിന്നും പ്രഭാത ഭക്ഷണം കഴിച്ചതിനുശേഷം ഡോ. ഗംഗാധരന്റെ വീട്ടിലെത്തി. ഡോക്ടറും ഭാര്യയും ഞങ്ങളെ അകത്തേക്കു കൊണ്ടുപോയി. ഡോക്ടർ സാറിനെ വിശദമായി പരിശോധിച്ചു. എറണാകുളം മെഡിക്കൽ ട്രസ്റ്റിലെ ഡോ.ഫിറോസിനെ കാണുവാൻ നിർദ്ദേശിച്ചു. ഫോട്ടോഗ്രാഫർ പുനലൂർ രാജന്റെ മകനാണ് ഫിറോസ്. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ കിടക്കുമ്പോൾ സാറും ഞാനും പോയി കണ്ടിരുന്നു. അന്ന് ഞങ്ങൾ ഫിറോസിനെ പരിചയപ്പെട്ടതാണ്. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഞങ്ങൾ എത്തിയപ്പോൾ പ്രൊഫസർ തനൂജാ ഭട്ടതിരിയും ഡോക്ടറും ഞങ്ങളെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. സാറിനെ പരിശോധിച്ചു. അരമണിക്കൂർ കഴിഞ്ഞ് പ്രൊഫസർ വന്ന് എന്നെ വിളിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. 'സാറിന് ഇപ്പോൾ 86 വയസ്സായി. തൂക്കം 47 കിലോ. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓപ്പറേഷനുള്ള സാധ്യത കുറവാണ്. റേഡിയേഷൻ ആണ് കുറച്ചുകൂടി നല്ലത്. തൃശൂരിലായതുകൊണ്ട് അമല ഹോസ്പിറ്റലിൽ ഡോ. സുധീറിന് എഴുതിത്തരാം. റേഡിയേഷന് ഏറ്റവും നല്ല ഹോസ്പിറ്റൽ ആണ് അമല. അവിടെപോയി ഡോക്ടറെ കാണണം.'

ഞങ്ങൾ അമല ഹോസ്പിറ്റലിലേക്കു പോയി. അവിടെ ചെന്നപ്പോൾ വാൾട്ടർ അച്ചനെ കണ്ടു. അച്ചൻ ഞങ്ങളെ ഡോക്ടറുടെ അടുക്കലേക്കു കൊണ്ടുപോയി.

'റേഡിയേഷൻ സാറിന്റെ ആരോഗ്യത്തിന് നല്ലതല്ല. മഹാനായ സുകുമാർ അഴീക്കോടിനെ റേഡിയേഷൻ നൽകി ആശുപത്രിയിൽ തളച്ചിടണ്ട. സാറിനെ സാറിന്റെ വഴിക്കു വിട്ടേക്കു. സാർ പ്രസംഗിച്ചു നടക്കട്ടെ.'

ആശുപത്രിയിൽ നിന്നും ഇറങ്ങുമ്പോൾ ഇനി എന്തു ചെയ്യും എന്നുള്ള ചിന്തയായിരുന്നു എന്നെ അലട്ടിയിരുന്നത്. അലോപ്പതിയിൽ നിന്നും വിട്ടു ചിന്തിച്ചു തുടങ്ങി. ഡി.സി.രവിയുമായി ഞാൻ ഫോണിൽ സംസാരിച്ചു. കോട്ടയത്ത് പ്രഗത്ഭനായ ഒരു ഹോമിയോ ഡോക്ടർ ഉണ്ടെന്നും, അദ്ദേഹത്തിന്റെ പേര് ഡോ.പട്ടേൽ. ആ വാക്കുകൾ എനിക്ക് ആശ്വാസമായി. അവിടെ പോകുവാൻ തീരുമാനിച്ചു. ഡോക്ടറുടെ അടുക്കലേക്കു പോകുമ്പോൾ ഞങ്ങളോടൊപ്പം ഡി.സി.രവിയും ഭാര്യയുമുണ്ടായിരുന്നു. ഡോക്ടർ ചില ചികിത്സാരീതി ഉപദേശിച്ചു. ഹോമിയാപ്പതി മരുന്ന് കഴിച്ചുതുടങ്ങി. അത്ഭുതം എന്നു പറയട്ടെ, സാറിന് ഒരുപാട് മാറ്റങ്ങൾ കണ്ടുതുടങ്ങി. മുമ്പത്തേക്കാളും ഉന്മേഷവാനായി കാണപ്പെട്ടു. ഹോമിയോമരുന്ന് കഴിക്കുന്ന സാഹചര്യത്തിൽ ഞാൻ അന്നത്തെ കെ.പി.സി.സി.പ്രസിഡന്റ് രമേശ് ചെന്നിത്തലയെ വിളിച്ച് സാറിന്റെ കാര്യങ്ങൾ സൂചിപ്പിച്ചു. അദ്ദേഹം സാറിനെ കാണുവാൻ തിരുവനന്തപുരത്തുനിന്നും വന്നു. സാറിനെ നമുക്ക് വിദേശത്തെവിടെയെങ്കിലും കൊണ്ടുപോയി ചികിത്സിപ്പിക്കണം. സാറിന്റെ രോഗം മാറ്റണം. എന്തു ചെയ്യാനും തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. സാറിന്റെ മെഡിക്കൽ റിപ്പോർട്ട് ഭൂപേഷ് ബാബുവിന് അയച്ചുകൊടുത്തുവെന്നും അദ്ദേഹം അത് ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് റഫർ ചെയ്തുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർ ഡോ.ഫിറോസ് പറഞ്ഞ അഭിപ്രായത്തോട് യോജിച്ചുവെന്നും പറഞ്ഞു.

ഇതറിഞ്ഞ് സഖാവ് പിണറായി വിജയൻ വിളിച്ചു. ഒറ്റപ്പാലത്ത് ഒരു സ്വാമിയുണ്ട്. അവിടുത്തെ ചികിത്സ ഇതിനു ഫലപ്രദമാകുമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ സാറിനേയും കൊണ്ട് സ്വാമിയെ കാണുവാൻ പോയി. സ്വാമിയുടെ മരുന്ന് കഴിക്കുന്നത് കടുപ്പമായിരുന്നു. ഗോമൂത്രം ചേർത്താണ് മരുന്നു കഴിച്ചിരുന്നത്. സാറിനെ പരിചരിക്കുന്ന രമച്ചേച്ചി ഈ മരുന്നു കഴിപ്പിക്കാൻ കുറേ പണിപ്പെട്ടു. ഒന്നരമാസം ആ മരുന്നു കഴിച്ചു.

2011 ഡിസംബർ 6ന് സ്വാമി സന്ദീപാനന്ദഗിരിയയൊപ്പം പ്രഭാഷണം തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടന്നു. സാറിന്റെ അവസാനത്തെ പ്രഭാഷണം കൂടിയായിരുന്നു അത്. അന്നത്തെ വിഷയം ഭഗവത്ഗീത ആയിരുന്നു. സാറിന്റെ അച്ഛൻ കൊടുത്ത, വർഷങ്ങൾ പഴക്കമുള്ള കസേരയിൽ ഇരുന്നാണ് സാർ അവസാനമായി ഭഗവദ്ഗീത വായിച്ചത്. പ്രഭാഷണത്തിനായി തൃശൂരിലേക്കു പോയി. സാർ മുഖ്യാതിഥിയായിരുന്നു. കൈപിടിച്ച് സാറിനെ സ്റ്റേജിലേക്ക് കയറ്റുമ്പോൾ സാറിന്റെ കൈയ്യിൽ നല്ല ചൂടുണ്ടായിരുന്നു. ചെറുതായ പനിയുടെ ലക്ഷണം. അന്നത്തെ പ്രസംഗം എല്ലാവരുടെയും മനസ്സിൽ തങ്ങിനിൽക്കുന്നതായിരുന്നു. പ്രഭാഷണം കഴിഞ്ഞ് സന്ദീപനന്ദഗിരിയുമായി അല്പസമയം ചെലവഴിച്ചു. എട്ടുമണി ആയപ്പോഴേക്കും ഞങ്ങൾ വീട്ടിലെത്തി. സാറിനെ രാത്രിയിൽ നോക്കിയിരുന്ന കണ്ണൻകുട്ടി ഞങ്ങളെ കാത്ത് ഗേറ്ററികിൽ നിൽപ്പുണ്ടായിരുന്നു. സാറിന് ഭക്ഷണവും മരുന്നും കൊടുത്തതിനുശേഷം ഞാൻ വീട്ടിലേക്കു പോയി. അതിരാവിലെ കണ്ണൻ എന്നെ ഫോണിൽ വിളിച്ചു. 'സുരേഷേ വേഗം വാ.. സാർ കുഴഞ്ഞു വീണു..' ഞാൻ ഓടിയെത്തി. സാറിനെ താങ്ങി കട്ടിലിൽ കിടത്തിയിരിക്കുകയാണ്. രമചേച്ചിയും ത്രേസ്യാ ഡെയ്സും ഞാനുംകൂടി സാറിനെ ഹാർട്ട് ഹോസ്പിറ്റലിൽ എത്തിച്ചു. 2011 ഡിസംബർ 7നായിരുന്നു സംഭവം. പരിശോധനയും ചികിത്സയുമായി പകൽ കഴിഞ്ഞു. സാറിന്റെ രണ്ടു കാലുകളും തളർച്ച ബാധിച്ചുവെന്ന് അറിഞ്ഞു. അന്നത്തെ രാത്രി വേദന തിങ്ങിനിറഞ്ഞതായിരുന്നു. എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിലായിരുന്നു ഞാൻ. അപ്പോഴാണ് യുവകവി വിജേഷ് എടക്കുന്നിയും സാഹിത്യ അക്കാദമിയിലെ ജെ.പി.ബെന്നിയും സാറിനെ കാണാനായി വന്നത്. ജെ.പി.ബെന്നി വി.എസ്.സുനിൽകുമാർ എം.എൽ.എയെ വിളിച്ചു. ഉടൻതന്നെ എം.എൽ.എ സാംസ്കാരിക മന്ത്രി, ആരോഗ്യമന്ത്രി, മുഖ്യമന്ത്രി എന്നിവരെ വിളിച്ചു. വിവരമറിഞ്ഞ് ഹോസ്പിറ്റലിലേക്ക് വി.ഐ.പി.കാറുകളുടെ പ്രവാഹമായിരുന്നു. ജില്ലാ കളക്ടർ, എ.ഡി.എം അങ്ങനെ പലരും.

സാറിനെ അമല ഹോസ്പിറ്റലിലേക്ക് മാറ്റുവാൻ തീരുമാനിച്ചു. സുകുമാർ അഴീക്കോടിന്റെ എല്ലാ ചെലവുകളും സർക്കാർ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഡയറക്ടർ വാൾട്ടർ അച്ചൻ, ഡോ.ഗിരിജ, ഡോ.ശ്രീകുമാരൻ പിള്ള, ഡോ.സുധീർ എന്നിവർ സാറിനെ സ്വീകരിക്കുവാനായി നില്പുണ്ടായിരുന്നു. ചെറിയ ഡോസ് റേഡിയേഷൻ നൽകി.

'ദിവസം ചെല്ലുന്തോറും കാര്യങ്ങൾ വഷളായി വരികയാണ്. ഇപ്പോൾ നൽകിയത് ഒരു ചെറിയ വേദന സംഹാരി മാത്രമാണ്. ചിലപ്പോൾ മോർഫിൻ നൽകേണ്ടിവരും. ഐ.സി.യു.വിലേക്ക് മാറ്റേണ്ട അവസ്ഥ വരെ ഇപ്പോഴത്തെ സാഹചര്യത്തിൽ നിലനിൽക്കുന്നുണ്ട്.'– ഡോ.സുധീർ പറഞ്ഞു.

'സാറിനെ ഐ.സി.യു.വിലേക്ക് മാറ്റിയതുകൊണ്ട് പഴയ രീതിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് ഉറപ്പു നൽകാൻ കഴിയുമോ' ഞാൻ ഡോക്ടറോടു ധൈര്യം സംഭരിച്ച് ചോദിച്ചു.

'ഇൻഫെക്ഷൻ വരാതിരിക്കാൻ മാത്രമാണ് ഐ.സി.യു.വിലേക്ക് മാറ്റുന്നത്. മറ്റൊരു ഉറപ്പും നൽകാൻ കഴിയില്ല.' ഡോക്ടർ പറഞ്ഞു.

സാറിനെ പാലിയേറ്റീവ് കെയറിലേക്കു മാറ്റാൻ തീരുമാനിച്ചു. നല്ലൊരു റൂം സാറിനുവേണ്ടി അവർ സജ്ജീകരിച്ചു. പുറത്ത് ഒരു സെക്യൂരിറ്റിയെ നിർത്തുകയും ചെയ്തു.

ഡിസംബർ 9 മുതൽ ജനുവരി 24 വരെ ഹോസ്പിറ്റലിൽ നടന്ന സംഭവങ്ങൾ വിവരിക്കുകയാണെങ്കിൽ ഒരു പുസ്തകം തന്നെ എഴുതേണ്ടിവരും. ഫോൺ കോളുകളുടെ ബഹളമായിരുന്നു. സാഹിത്യകാരന്മാർ, രാഷ്ട്രീയക്കാർ, കലാകാരന്മാർ, പത്രക്കാർ, സാധാരണ ജനങ്ങൾ എന്നിവരെക്കൊണ്ട് ആശുപത്രി കൂടുതൽ തിരക്കുള്ളതായി. പത്രപ്രതിനിധികളും ചാനലുകാരും എപ്പോഴും ഉണ്ടായിരുന്നു.

വിവാദങ്ങളിലെ പ്രധാനികൾ സാറിനെ കാണാൻ വന്നുതുടങ്ങി. വെള്ളാപ്പള്ളിയും ഭാര്യയും വന്നു. സാറിനെ കണ്ടതും വെള്ളാപ്പള്ളിയുടെ കണ്ണുകൾ നിറഞ്ഞു. സാറുമായി പിണങ്ങിനിൽക്കുന്ന എല്ലാവരുടെയും പിണക്കങ്ങൾ തീർക്കണമെന്ന് എനിക്കു തോന്നി.

വി.എസ്.അച്യുതാനന്ദൻ, സാനുമാഷ്, ടി.പത്മനാഭൻ അങ്ങനെ സാറുമായി പിണങ്ങിയവർ സാറിനെ കാണുവാനായി വന്നു. ലിപി പബ്ലിക്കേഷൻസ് സാറിന്റെ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു. ലിപിയിൽ നിന്നും അക്ബർ വിളിച്ചു. പുസ്തകം ആരെക്കൊണ്ട് പ്രകാശനം ചെയ്യും. ഞാൻ എ.കെ.ആന്റണി സാറിനെ ഫോണിൽ വിളിച്ചു. സാറിനെ കാണുവാൻ അദ്ദേഹം വരാനിരിക്കുകയായിരുന്നു. ദിവസം തീരുമാനിച്ചു. ➲10




we saw how the Sikh community all over the world continued the tradition of feeding people during this period of Corona , served humanity – this tradition always keeps inspiring us. I wish we all keep working as a Sevak. May Guru Sahib keep taking services from me and countrymen in the same manner. Once again, many best wishes on Guru Nanak Jayanti.

My dear countrymen,
in the past few days I had the opportunity to interact with students of several universities across the country and be a part of important events in their journey of education. Through technology I was able to connect with students of IIT- Guwahati, IIT-Delhi, Deendayal Petroleum University of Gandhinagar, JNU of Delhi, Mysore University and Lucknow University. To be amongst the youth of the country is extremely refreshing and energizing. University campuses in a way are like Mini India. In these campuses on the one hand we see the diversity of India; on the other we also find great passion for changes for a New India. Before Corona when I used to go for a face to face event at any institution, I would urge that poor students from nearby schools to be invited to the function. Those children have been attending the functions as my special guests. When a small child in the grand function watches a young person becoming a Doctor, Engineer, Scientist, sees someone receiving a medal, new dreams awaken in the child- ‘I too can do it’, this self confidence arises. There is inspiration for resolve.

Friends,
besides this, I am always interested in knowing who the alumni of the institution are, what the arrangements by the institution for regular engagement with its alumni are,how vibrant their alumni network is.
My young friends, you are a student of an institution only till you study there, but you remain an alumni of that institution lifelong.
After leaving school or college, two things never end – one, the influence of your education, and second, your bonding with your school or college. Whenever alumni interact with each other, in their memories of school or college, greater time is given to reminiscing about time on campus and moments spent with friends than about books and studies, and, from these memories, a feeling is bornto do something for the institution.
What can bring greater happiness than to lend a hand in development of the place where your personality was moulded? I have read certain such efforts, where the former students have given back to their old institutions in great measure. Nowadays, alumni are very active in this. IITians have provided their institutions many facilities like Conference Centres, Management Centres& Incubation Centres set up by their efforts. All of these endeavors improve the learning experience of the current students. IIT Delhi has initiated an endowment fund, which is a brilliant idea. There is a culture of such endowments inrenowned universities across the world, which helps the students. I think that universities of India are also capable to institutionalize this culture.
When it comes to returning something, nothing can be deemed big or small. Even the smallest help matters. Every effort is important. Often, alumni play a very important role in technology upgradation of their institutions, in construction of buildings, in initiating awards and scholarships and in starting programs for skill development. The old student associations of certain schools have started mentorship programmes. In these programmes, they guide the students of different batches and also discuss educational prospects. Alumni associations are robust in many schools, especially in boarding schools, where they organize activities like sports tournaments and community service.
I would like to urge former students to keep consolidating their bonding with the institution in which they have studied!Whether it is at the level of school, college, or university. I also urge the institutions to work on new and innovative ways of alumni engagement and develop creative platforms so that alumni can be actively involved. A strong vibrant & active alumni network is needed not only in big Colleges and Universities but also in schools of our villages.

My dear countrymen,
the 5thDecember is the death anniversary of Sri Aurobindo. The more we read Sri Aurobindo, greater is the insight that we get. The more my young friends learn about SriAurobindo, greater will they learn about themselves, enriching themselves. The state of inner consciousness in which you are, where you are engaged in trying to achieve the many resolves, amid all this you will always find a new inspiration in Sri Aurobindo; you will find him showing you a new path!Just as at present when we are moving forward with the campaign ‘Vocal for Local’, Sri Aurobindo’s philosophy of Swadeshi shows us the path.

There is a very profound poemin Bangla.
‘Sui ChhutoPoy-Monto Ashe Tunga hote’.
Diya-ShalaiKathi, Tau aasepote ||
Pro-deeptiJaliteKhete, Shutee, Jethe.
KichhuteLokNoyaShadhiaan ||

That is, here, even the sewing needle and match stick come on a foreign ship! The people are not free even in eating, drinking, sleeping!
He also used to say that Swadeshi means that we give priority to the things made by our Indian workers and artisans. It is not that Sri Aurobindo ever opposed learning anything from abroad. Wherever there is anything new, we should learn from there and then support and encourage what can be good for our country-and that is the spirit of the Vocal for Local Mantra in the Atmanirbhar Bharat campaign. Especially what Shri Aurobindo opined about adopting Swadeshi should be read by every citizen today.

Friends,
likewise, Shri Aurobindo’s views on education were very lucid. He did not consider education to be limited only to bookish knowledge, degree and job. Sri Aurobindo used to say that our national education should focus on training of the hearts and minds of our younger generation, that is, scientific development of the mind and Indian ethos residein the heart should also be there, then only a young person can become a better citizen of the country. Whatever Shri Aurobindosaid about national education and expected then, the country is now achieving it through the new National Education Policy.

My dear countrymen,
new dimensions are being added to agriculture and its related activities in India. The agricultural reforms in the past few days have also now opened new doors of possibilities for our farmers. The demands that have been made by farmers for years, that every political party, at some point or the other made the promise to fulfill, those demands have been met. After a lot of deliberation, the Parliament of India gave a legal formto the agricultural reforms. These reforms have not only served to unshackle our farmers but also given them new rights and opportunities. In just a short span of time, these new rights have begun to ameliorate the woes of our farmers. You too should know how Jitendra Bhoiji, a farmer from Dhule district in Maharashtra made use of the recently promulgated farm laws. Jitendra Bhoiji had sown corn and decided to sell his produce to traders for a right price. The total cost of the produce was fixed at approximately Rupees Three Lakh thirty two thousand. Jitendra Bhoi even received an advance of Rupees twenty five thousand. It had been decided that the outstanding amount would be cleared in fifteen days. However, later such circumstances developed, that he did not receive the remainder of his payment. Buy the crop from the farmer, keep the payment pending for months on end ; probably this was the long standing tradition that the buyers of corn were following. This continued for four months wherein Jitendra ji was not paid his dues. In this situation, the new farm laws that were passed in September came to his aid. Under this law, it was decided that all dues of the farmers should be cleared within three days of procurement, failing which, the farmer can lodge a complaint. Another notable aspect of this law is that the area Sub Divisional Magistrate (SDM) has to ensure grievance redressal of the farmer within one month. Now, with our farmer brother empowered with this law, his grievance had to be redressed ; consequently, he lodged a complaint and within days his outstanding payments were cleared. This correct and complete knowledge of the law became the strength of Jitendra ji. Whichever the field, correct knowledge, free from misconceptions and rumors can act as a force multiplier for every individual. Mohammad Aslam ji from Baran district in Rajasthan is working in a similar fashion to increase awareness among farmers. He is also the CEO of a farmer producer organization. Yes, you heard it right! – the CEO of a farmer producer organization.I hope this is heartwarming news for the CEOs of major companies – that farmers from far flung areas of the country are now also becoming CEOs of farmer organizations! Friends, Mohammad Aslam Ji has made a Whatsapp group comprising several farmers from his area. On this group everyday he shares updates with the farmers on prevalent prices at neighboring Mandis in the area. His own FPO also buys produce from farmers, hence, this effort of his also helps farmers in taking a decision.

Friends,
awareness beget spiritedness. Shri Virendra Yadav ji is one such farmer entrepreneur, who has influenced the lives of thousands through his awareness. Sometime ago, Virendra Yadav ji used to live in Australia. Two years ago, he came to India and now lives in Kaithal, Haryana. Just like others, the stubble in the fields was a big concern for him too. Work is being done on a massive scale to find the solution to this issue, however, today in Mann Ki Baat, I am especially mentioning Virendra ji because his efforts are different and show a new way forward. To find a solution to stubble, Virendra ji bought a Straw Baler machine to make bundles of straw. For this, he also received financial assistance from the Agricultural department. With this machine, he began to make bundles of stubble. After having made the bundles, he sold the stubble to agro energy plants and paper mills. You will be amazed to know that in just two years, Virendra ji has traded in stubble in excess of Rupees Two and a Half Crores and has earned a profit of approximately Rupees Fifty Lakhs. The benefit of thisalso accrues to the farmers of ➲8

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
## സാംസ്കാരിക വകുപ്പ്
## കേരള സർക്കാർ

ഒരു കൂട്ടം പ്രതിഭാശാലികളായ ശാസ്ത്രലേഖകരെ വളർത്തിയെടുക്കാൻ ഈ പദ്ധതിക്കു കഴിഞ്ഞു. പലരും കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ ഉന്നതപദവിയിലെത്തിച്ചേർന്നു. ആകാശവാണി, മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചവരും ഉണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകപ്രസിദ്ധീകരണം കൂടാതെ സ്വന്തം നിലയിൽ പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ തയ്യാറുള്ളവർക്ക് ധനസഹായം നൽകാനും ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറായി. ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കാൻ അധ്യാപകർക്കു പരിശീലനം നൽകി. വിവിധ വിഷയങ്ങളെക്കുറിച്ചു സെമിനാറുകൾ സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളുടെ വില്പനയ്ക്കായി കേരളത്തിലങ്ങോളമിങ്ങോളം പുസ്തകമേളകൾ സംഘടിപ്പിച്ചു.

1969ൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം തൈക്കാട്ടുനിന്ന് നന്തൻകോട്ടെ നാളന്ദയിലേക്ക് മാറ്റിയിരുന്നു. പ്രശാന്തസുന്ദരമായ ഒരു സ്ഥലം.

ഇൻസ്റ്റിറ്റ്യൂട്ടിന് സുശക്തമായ ഒരടിത്തറ പാകിയ എൻ.വി.കൃഷ്ണവാരിയർ 1975 മാർച്ച് 31ന് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു വിടവാങ്ങി. ഇന്ത്യൻ ഭാഷകളിൽ തന്നെ ആദ്യത്തേതെന്ന് കരുതാവുന്ന 'വിജ്ഞാനകൈരളി' എന്ന ശാസ്ത്രമാസികയുടെ വളർച്ച കണ്ടുകൊണ്ടാണ് അദ്ദേഹം വിട പറഞ്ഞത്. തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സ്ഥാനമേറ്റെടുത്ത് ഡോ.എ.എൻ.പി. ഉമ്മർകുട്ടി പുസ്തകപ്രസിദ്ധീകരണത്തോടൊപ്പം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലനിൽപ്പിനും പ്രധാന്യം നൽകി. പല സന്ദർഭങ്ങളിലും സാമ്പത്തിക പ്രതിസന്ധിയിൽ മുട്ടി ഇൻസ്റ്റിറ്റ്യൂട്ട് തകരുമെന്നു തോന്നിയിട്ടുണ്ട്. അതു ഓർമയിലുള്ളതുകൊണ്ട് പുസ്തകവിപണനം ഊർജിതപ്പെടുത്താനാണ് ഉമ്മർകുട്ടി കൂടുതൽ ശ്രദ്ധ നൽകിയത്.

അതിനായി വിപുലമായ പരിപാടികളാണ് ഡോ.ഉമ്മർകുട്ടി നടപ്പിലാക്കിയത്. കേരളത്തിലങ്ങോളമിങ്ങോളമുള്ള കോളജുകളിൽ പുസ്തക പ്രദർശന വില്പനമേളകൾ സംഘടിപ്പിച്ചു. ഇവിടെനിന്നു വാങ്ങുന്ന പുസ്തകങ്ങൾക്ക് വിലക്കുറവു പ്രഖ്യാപിച്ചു. നിരവധി പുസ്തകപ്രകാശനങ്ങൾ സംഘടിപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള വാർത്തകൾ പൊതുജനങ്ങളിലെത്തിച്ചു. മാധ്യമങ്ങളുടെ പിന്തുണ വേണ്ടുവോളമുണ്ടായിരുന്നു. ഗവൺമെന്റിലും സർവകലാശാലയിലും സമ്മർദ്ദം ചെലുത്തി. പ്രീഡിഗ്രി പരീക്ഷ ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും എഴുതാമെന്ന തീരുമാനമുണ്ടായി. കോഴിക്കോട്ട് ഒരു പ്രാദേശിക കേന്ദ്രം പ്രവർത്തനമാരംഭിച്ചത് ഈ കാലഘട്ടത്തിലാണ് (1980). നാളന്ദാ വളപ്പിൽ ഇൻസ്റ്റിറ്റ്യൂട്ടിനോടു ചേർന്ന് ആധുനിക സൗകര്യങ്ങളെല്ലാമുള്ള ഒരു ഗോഡൗൺ സ്ഥാപിച്ചു.എൻ.വി.കൃഷ്ണവാരിയർ തുടങ്ങിവച്ച പല പദ്ധതികളും കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ ഡോ.ഉമ്മർകുട്ടിക്കു കഴിഞ്ഞു. കൃഷി പുസ്തക കോർണർ, സഹകരണ പുസ്തക കോർണർ, വന പുസ്തകകോർണർ തുടങ്ങിയ പദ്ധതികളിലൂടെ അതാതു വിഷയങ്ങളിലുള്ള പുസ്തകങ്ങൾ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കി. ഗ്രാമീണ വായനശാലകളുമായി സഹകരിച്ചാണ് ഈ പദ്ധതികൾ നടപ്പിൽ വന്നത്. വിജ്ഞാനപോഷിണി എന്ന ഗവേഷണ ജേണലും വിജ്ഞാനരംഗം എന്ന സെയിൽസ് ബുളറ്റിനും പ്രസിദ്ധീകരിച്ചു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒരു നിശ്ചിതകാലത്തേക്കുമാത്രം പ്രവർ ത്തിക്കുക, അതിനിടയിൽ ആവശ്യമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു കേന്ദ്ര ഗവൺമെന്റിന്റെ നയം. കേരള ഭാഷഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചിടത്തോളം അതിനെ ഒരു സ്ഥിരം സ്ഥാപനമാക്കുവാനും ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനും ഡോ.ഉമ്മർക്കുട്ടി പരിശ്രമിച്ചു. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ഡോ.ഉമ്മർകുട്ടിക്കു നാം നന്ദി പറയുക.

ഇന്ത്യയിലെ ഏറ്റവും നല്ല ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോഴും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തന്നെയാണ്. ഡയറക്ടർമാരുടെ മാർഗ്ഗനിർദ്ദേശവും സ്റ്റാഫിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളുമാണ് ഈ നേട്ടം കൈവരിക്കാൻ സഹായിച്ചത്. ശ്രീ.എൻ.വി.കൃഷ്ണവാരിയർ മുതൽ പ്രൊഫ.വി.കാർത്തികേയൻ നായർ വരെ 18 ഡയറക്ടർമാരുടെ സേവനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു ലഭിച്ചിട്ടുണ്ട്. ഇവരിൽ ചിലർ തൽക്കാലത്തേക്ക് വന്ന ഇൻചാർജുകളായിരുന്നു. എൻ.വി. കൃഷ്ണവാരിയർ, ഡോ.എ.എൻ.പി.ഉമ്മർകുട്ടി, ഡോ.എം.ആർ.തമ്പാൻ എന്നിവരുടെ സേവനം ഒരിക്കലും വിസ്മരിക്കാനാവില്ല. ഒരു കംപ്യൂട്ടർ മനസ്സുള്ള ഡോ.എം.ആർ.തമ്പാൻ വ്യത്യസ്തമായ നിരവധി പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പിലാക്കി ജനശ്രദ്ധ പിടിച്ചുപറ്റി. എത്രയോ ഉദാഹരണങ്ങൾ.

ശ്രീ ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് അധികാരത്തിലെത്തിയപ്പോൾ നൂറു ദിവസം കൊണ്ട് നൂറു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാമോ എന്നാണ് ഇൻസ്റ്റിറ്റ്യൂട്ടിനോടു ചോദിച്ചത്. ഡോ. തമ്പാന്റെ ആത്മവിശ്വാസത്തോടെയുള്ള  മറുപടി 'നൂറല്ല, നൂറ്റിപതിനൊന്ന് പുസ്തകങ്ങൾ കുറഞ്ഞത്' (2011 -12). ഒരിക്കൽ അന്നത്തെ സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ.ടി.കെ.രാമകൃഷ്ണൻ ഡോ.തമ്പാനോടു ചോദിച്ചു 'കേരളത്തിന്റെ സ്വാതന്ത്ര്യസമരത്തെക്കുറിച്ചൊരു പുസ്തകമുണ്ട്. നമുക്ക് അതൊരു ഏഴു മാസം കൊണ്ട് പ്രസിദ്ധീകരിക്കാമോ?'

നമുക്കത് ഏഴു ദിവസം കൊണ്ടു പ്രസിദ്ധീകരിക്കാം. അടുത്ത സ്വാതന്ത്ര്യദിനാഘോഷവേളയിൽ പ്രകാശിപ്പിക്കാം'. ഇതായിരുന്നു തമ്പാന്റെ മറുപടി. ഇതായിരുന്നു ഡോ.എം.ആർ.തമ്പാൻ. ഞാൻ ദൃക്സാക്ഷിയായിരുന്നു. അതിന്റെ പ്രസിദ്ധീകരണച്ചുമതല ഡയറക്ടർ എന്നെയാണ് ഏല്പിച്ചത്. ഏഴാം ദിവസം പുസ്തകം പ്രകാശിപ്പിച്ചു.

നൂറു ദിവസം കൊണ്ട് നൂറു പുസ്തകം എന്ന പദ്ധതി തമ്പാൻ ഏറ്റെടുത്തു. നൂറിനുപകരം 141 പുസ്തകങ്ങൾ ഒരേസമയം ഒരേവേദിയിൽ 141 പേർ പ്രകാശിപ്പിച്ചുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ചരിത്രം സൃഷ്ടിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റാഫും ആവേശഭരിതരായിരുന്നു.

പുസ്തകപ്രസിദ്ധീകരണം പല മടങ്ങായി വർദ്ധിപ്പിക്കാൻ തമ്പാന്റെ നേതൃത്വത്തിനു കഴിഞ്ഞു. 4000ത്തോളം പുസ്തകങ്ങളാണ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പുസ്തകവില്പനയിൽ സർവ്വകാല റിക്കാർഡുകളും ഭേദിച്ചു. പ്രതിവർഷ പുസ്തകവില്പന മൂന്നുകോടിവരെയെത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പുസ്തകശാലകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വില്പന വർധിപ്പിക്കുന്നതിൽ കാര്യമായ പങ്കു വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് പുസ്തങ്ങളുടെ ഓൺലൈൻ വില്പനയ്ക്കുള്ള ഏർപ്പെടുകളും പൂർത്തിയായിരുന്നു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിമാനാർഹമായ ഒരു പ്രസിദ്ധീകരണമായിരുന്നു കേരളഭാഷാ നിഘണ്ടു. ആദ്യത്തെ പ്രീപബ്ലിക്കേഷൻ സംരംഭം. ആദ്യത്തെ പ്രീ പബ്ലിക്കേഷൻ കൂപ്പൺ സാംസ്കാരിക വകുപ്പു മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങിയത് പ്രശസ്ത പത്രപ്രവർത്തകനായ ചുനക്കര ജനാർദ്ദനൻ നായർ ആയിരുന്നു.

ഈ സന്ദർഭത്തിലാണ് മലയാളത്തിൽ ഒരു സ്പെൽ ചെക്ക് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചനയുണ്ടായത്. സ്വാഭാവികമായും ഈ കൃത്യവും ഇൻസ്റ്റിറ്റ്യൂട്ട് തന്നെ ഏറ്റെടുത്തു. മലയാളത്തിലെ പല വാക്കുകളും അർത്ഥവ്യത്യാസമില്ലാതെ പല തരത്തിൽ എഴുതി വരുന്നു. ഇവയിൽ ഏതാണ് ശരി. മലയാളം ചോദ്യക്കടലാസിൽ തെറ്റുതിരുത്താൻ ചില വാക്കുകൾ കൊടുത്ത അധ്യാപകർ വെട്ടിലായി. ഒരുദാഹരണം നോക്കാം. വിദ്യാർത്ഥി എന്ന വാക്ക് പരിഗണിക്കുക. വിദ്യാർത്ഥി, വിദ്യാത്ഥി, വിദ്യാർഥി, വിദ്യാർത്ഥി എന്നൊക്കെ പലതരത്തിൽ വാക്ക് എഴുതാറുണ്ട്. ഏതെഴുതിയാലാണ് മാർക്കു കിട്ടുക? ഇതിനൊരു നിയത രൂപം വേണ്ടേ? കേരളത്തിലെ ഭാഷാപണ്ഡിതന്മാരുടെ സഹായത്തോടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഏകീകൃത ലിപിവിന്യാസരീതി ആവിഷ്കരിച്ചു. ഇതിനു മുമ്പും ഇക്കാര്യത്തിൽ ചില ശ്രമങ്ങളൊക്കെ നടന്നിട്ടുണ്ടായിരുന്നു. എങ്കിലും സമഗ്രപഠനത്തിലൂടെ മലയാളത്തിനൊരു ഏകീകൃത ലിപി വിന്യാസരീതി നൽകിയത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. 'മലയാളത്തനിമ' എന്ന പദ്ധതിയിൽ പെട്ടതായിരുന്നു ഏകീകൃത ലിപി വിന്യാസരീതിയും.

ഭാഷയെ കംപ്യൂട്ടറുമായി ബന്ധപ്പെടുത്താതെ മുന്നോട്ടു പോകാനാവില്ലെന്ന അവസ്ഥ സംജാതമായിക്കഴിഞ്ഞിരുന്നു. കംപ്യൂട്ടർ ഭാഷയ്ക്കിണങ്ങുംവിധം മലയാള ലിപി പരിഷ്കരണത്തിനും വിവര- ജൈവ സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഉടനുടൻ ജനങ്ങളിലെത്തിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ വ്യാപകമായ അഭിനന്ദനം പിടിച്ചുപറ്റി. ഓരോ പദ്ധതിയും കൈവരിക്കുന്ന നേട്ടങ്ങൾ പുതിയ പദ്ധതികളേറ്റെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർക്ക് ധൈര്യം തന്നു. വിവർത്തന ശില്പശാലയും ക്യാമ്പുകളും അന്തർദേശീയ പുസ്തകോത്സവം, മലയാളം കംപ്യൂട്ടിംഗ്, കംപ്യൂട്ടർ പരിശീലനം, സമഗ്രഭാഷാ ചരിത്രരചന തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത പദ്ധതികളിൽ ചിലതാണ്. 'അറിവ് നിറവ്' പരമ്പരയിൽ 500 ലഘുജീവചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. നൂറ്റിയമ്പതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പരിസ്ഥിതി പുസ്തക കോർണർ, നിഘണ്ടു നിർമാണം, ശ്രേഷ്ഠ മലയാള ഗ്രന്ഥാവലി, തൊഴിൽ പുസ്തകകോർണർ, ചലച്ചിത്രപുസ്തക കോർണർ, എന്റെ കേരളം, ശാസ്ത്രമലയാളം തുടങ്ങിയ പുതിയ പ്രസിദ്ധീകരണ പദ്ധതികളും നടപ്പിലാക്കി. അംബേദ്കറുടെ സമ്പൂർണകൃതികൾ 40 വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു. വിജ്ഞാനമുദ്രണം പ്രസ്സ് നവീകരിച്ചു. ലൈബ്രറി ആട്ടോമേഷൻ, ഓൺലൈൻ സെയിൽസ്, സെയിൽസ് കംപ്യൂട്ടേഷൻ എന്നിവയിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് ആധുനികവത്കരിക്കപ്പെട്ടു. ഓൺലൈനിലൂടെ മലയാള പഠനം ഏർപ്പെടുത്തി. ഗ്രാമർ ചെക്ക്സിസ്റ്റം, പുതിയ ഫോണ്ടുകളുടെ ആവിഷ്കരണം, മലയാളം ഡിക്റ്റേഷൻ സിസ്റ്റം, യന്ത്ര വിവർത്തന സംവിധാനം, ഇൻട്രാക്റ്റീവ് സോഫ്റ്റ്വെയർ, ഇ-ബുക്ക് തുടങ്ങി നിരവധി നേട്ടങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് കൈവരിച്ചു. വൈജ്ഞാനികം, വിവർത്തനം, നിരൂപണം, നോവൽ, ചെറുകഥ എന്നീ ശാഖകളിൽ ഏറ്റവും നല്ല കൃതിക്ക് ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരങ്ങൾ നൽകിവരുന്നു. ഡോ. കെ.എം.ജോർജ് സ്മാരക ഭാഷാ പഠന ഗവേഷണ കേന്ദ്രം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്നു.

ഇതര ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് മാർഗനിർദ്ദേശം നൽകാനും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കൺസോർഷ്യമായി നിയോഗിച്ചിട്ടുണ്ട്. ഇതൊരു വലിയ അംഗീകാരമാണ്.

ഇങ്ങനെ നോക്കിയാൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈവരിച്ച നേട്ടങ്ങൾ മഹത്തരംതന്നെ. എല്ലാ നേട്ടങ്ങളും ഇവിടെ വിവരിക്കാൻ കഴിഞ്ഞിട്ടില്ല. മലയാള ഭാഷയെ കൂടുതൽ ശക്തിപ്പെടുത്താനും ഏതു വിജ്ഞാനവും മലയാളത്തിലൂടെ അവതരിപ്പിക്കാൻ തക്ക കരുത്തു നേടിക്കൊടുക്കാനും ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു. ലക്ഷക്കണക്കിന് പദാവലികൾ സൃഷ്ടിച്ചു. നൂറു കണക്കിന് ശാസ്ത്ര ലേഖകരെയും ഗ്രന്ഥകാരന്മാരെയും സൃഷ്ടിച്ചു. അച്ചടിയുടെ നിലവാരം ഉയർത്തി. കംപ്യൂട്ടറിന്റെ സാധ്യതകൾ മലയാളഭാഷയുമായി ബന്ധപ്പെടുത്തി. കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ മലയാളഭാഷ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെത്തന്നെ ഉറ്റുനോക്കുന്നു.

# ഡിസംബർ

## ജനനം

01 നെല്ലിക്കൽ മുരളീധരൻ 1948
02 ഐ.കെ.കെ മേനോൻ 1919
06 ചുമ്മാർ ചുണ്ടേൽ 1940
മാലി (മാധവൻനായർ) 1915
കാരാട്ട് അച്യുതമേനോൻ 1866
08 വക്കം മൗലവി 1873
09 ഇ.കെ.നായനാർ 1919
വി.ദക്ഷിണാമൂർത്തി 1919
10 എം.എൻ.ഗോവിന്ദൻനായർ 1910
അമ്പലപ്പുഴ രാമവർമ്മ 1925
11 സുബ്രഹ്മണ്യഭാരതി 1882
പാലാ നാരായണൻനായർ 1911
12 അമ്പാടി കാർത്ത്യായനിയമ്മ 1895
15 സി.ഭാസ്കരൻ 1945
17 പി.ഭാസ്കരനുണ്ണി 1926
ഡോ.കെ.എം.പ്രഭാകരവാര്യർ 1933
18 പ്രൊഫ.എ.ശ്രീധരമേനോൻ 1925
23 ടികെസി വടുതല 1921
ആർ.സുഗതൻ 1901
24 സി.പി.ശ്രീധരൻ 1931
25 ഐ.സി.ചാക്കോ 1875
ഡോ.പി.കെ.നാരായണപിള്ള 1910
ചേങ്ങാരപ്പിള്ളി നാരായണൻപോറ്റി 1917
26 കാലടി ഗോപി 1929
ആർ.നരേന്ദ്രപ്രസാദ് 1946
ഇടയാറന്മുള വർഗീസ് 1908
27 എൻ.എൻ.പിള്ള 1918
എൻ.പി.മുഹമ്മദ് 1929
28 ഡി.എം.പെറ്റെക്കാട്ട് 1923
ബോധേശ്വരൻ 1901
29 പിണ്ടാണി എൻ.ബി.പിള്ള 1929









## ഡിസംബർ ദിനങ്ങൾ

01- ലോക എയ്ഡ്സ് ദിനം
02- ലോക വികലാംഗ ദിനം
03- ഭോപ്പാൽ ദുരന്തദിനം
04- നാവികസേനാദിനം
07- പതാക ദിനം
10- ലോക മനുഷ്യാവകാശദിനം
- നൊബേൽ സമ്മാനദിനം
12- ലോക ശിശു അവകാശദിനം
13- ലോകദുരന്ത നിവാരണദിനം
18- ന്യൂനപക്ഷാവകാശദിനം
23- കർഷകദിനം
25- ക്രിസ്തുമസ്



29- അന്തർദ്ദേശീയ ജൈവവൈവിദ്ധ്യദിനം.

## ചരമം

02 മേരി ജോൺ കൂത്താട്ടുകുളം 1998
സി.എൻ.ബാലൻ 1994
അകവൂർ നാരായണൻ 2009
03 കെ.എം.ഗോവി 2013
04 കെ.എം.കൊടുങ്ങല്ലൂർ 1989
കെ.തായാട്ട് 2011
വി.ആർ.കൃഷ്ണയ്യർ 2014
07 തോമസ് പാല 1997
08 നടുവത്തച്ഛൻ നമ്പൂതിരി 1912
തോപ്പിൽ ഭാസി 1992
09 കൈനിക്കര കുമാരപിള്ള 1988
10 കെ.എം.പണിക്കർ 1963
എം.പി.അപ്പൻ 2003
13 മാതയിൽ അരവിന്ദ് 2010
14 കെ.പി.അപ്പൻ 2008
14 എ.പി.ഉദയഭാനു 1999
17 എ.ബാലകൃഷ്ണവാരിയർ 1997
18 കേസരി ബാലകൃഷ്ണപിള്ള 1960
സി.എൻ.ശ്രീകണ്ഠൻനായർ 1976
കെ.രാധാകൃഷ്ണൻ 2001
വിദ്വാൻ ടി.പി.രാമകൃഷ്ണപിള്ള 1993
എസ്.കെ.മാരാർ 2005
19 പാപ്പനംകോട് പ്രഭാകരൻ 2005
20 പി.എ.സെയ്തുമുഹമ്മദ് 1975
22 വൈലോപ്പിള്ളി ശ്രീധരമേനോൻ 1985
പ്രവിത്താനം പി.എം.ദേവസ്യ 1996
എ.പി.പി.നമ്പൂതിരി 1991
പാലാ കെ.എം.മാത്യു 2010
പി.എം.ആന്റണി 2011
23 കെ.കരുണാകരൻ 2010
24 ചെറൂളിയിൽ കുഞ്ഞുണ്ണി നമ്പീശൻ 1966
കടത്തനാട്ട് മാധവിയമ്മ 1999
പി.സി.കോരുത് 1967
കെ.കെ.രാമൻ 2002
25 എം.എസ്.ദേവദാസ് 1987
26 കാർട്ടൂണിസ്റ്റ് ശങ്കർ 1989
പള്ളിക്കര വി.പി.മുഹമ്മദ് 1994
കെ.സരസ്വതിയമ്മ 1975
സ്വാതിതിരുനാൾ 1847
27 മലയാറ്റൂർ രാമകൃഷ്ണൻ 1997
വി.പനോളി 2001
28 ഫാ.വടക്കൻ 2002
30 പാറപ്പുറത്ത് 1981
പി.ടി.ഭാസ്കരപ്പണിക്കർ 1997
31 കെ.സി.മാമ്മൻമാപ്പിള 1953
ടി.എം.വറുഗീസ് 1961
വി.വി.കെ.വാലത്ത് 2000















*എങ്കിലോ നമുക്കിനി ശുഭവത്സരം നേർന്നു*
*തങ്ങളിൽ പിരിയുക, സഹജാതർ തൻമൊഴി*
*സംഗീതമായിത്തോന്നും നാൾവരും, ആശിക്കുക*
*മങ്ഗളവചസ്സെന്നാൽ തൊണ്ടയിൽ കുരുങ്ങുന്നു*
-ഒ.എൻ.വി.

those fields from where Virendra ji sources his stubble. We have often heard of 'waste to wealth', however, this initiative is a unique example of earning money and righteous goodwill while finding a solution to the problem of stubble. To the youth, especially the lakhs of students who are studying agriculture, it is my request that they visit villages in their vicinity and talk to the farmers and make them aware about innovations in farming and the recent agricultural reforms. This way, you will become stakeholders in major reforms underway in the country.

My dear countrymen,
in Mann Ki Baat, we refer to a wide range of issues and topics. However, it has been one year of one such incidentwe would never want to remember fondly. It has been roughly one year since the world came to know of the first case of Corona. Since then, the entire world has seen several ups and downs. Coming out of the lockdown now the discussion on a vaccine has commenced, however, any sort of negligence regarding Corona can be deadly even now. We have to firmly keep fighting against Corona.

Friends,
Baba Saheb Ambedkar's Punya Tithi, death anniversary is in a few days from now on the 6th of December. Besides paying our homage to Baba Saheb, this day is also an occasion to reaffirm our resolve to the country and abiding by the duties, assigned to us by the Constitution as an individual. A large part of the country is also witnessing the onset of winter. Many areas are experiencing snowfall. In this weather, we must take care of the children and elders in the family, especially the ailing and take precautions ourselves too. It gives me joy to see people assisting the needy around them ; helping them with warm clothing.Winter brings many problems for destitute animals too and many people come forward to their aid. Our young generation takes active part in such initiatives. Friends, the next time when we meet in Mann Ki Baat, the year 2020 will be drawing to a close. With new hopes and faith, we will move forward. Whatever suggestions or ideas you may have now, do continue to keep sharing with me. My best wishes to all of you. May all of you stay healthy, stay active for the country.




Many Many thanks.

# വീണ്ടെടുക്കേണ്ട സാംസ്കാരിക തനിമ



നമ്മൾ ജീവിക്കുന്ന സമൂഹത്തിൽ, അയൽവക്കങ്ങളിൽ, കുടുംബങ്ങളിൽ നമ്മുടെ ബന്ധങ്ങളിൽ നമ്മുടെ സുഹൃദ്‌വലയങ്ങളിൽ ജാതിയോ മതമോ അങ്ങനെയുള്ള ചിന്തകളൊന്നുമുണ്ടായിരുന്നില്ല. പക്ഷേ ഇന്ന് അത്യന്താധുനികമായ നവമാധ്യമങ്ങളിൽ കൂടി സമൂഹത്തിന്റെ അജണ്ട സൃഷ്ടിക്കുന്ന സമയത്തെ എല്ലാവരും വർഗീയമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഫേസ് ബുക്ക് ഉൾപ്പെടെ, വാട്സ് അപ്പ് ഉൾപ്പെടെ നവമാധ്യമങ്ങൾ എടുത്തുനോക്കിയാൽ അതിൽ വരുന്ന എല്ലാ കാര്യങ്ങളും അതിന്റെ മുനകൾ എത്തിച്ചേർന്നു നില്ക്കുന്നത് ഈ പറയുന്ന വർഗീതയിലൂന്നിയാണ്. മുസ്ലിം എന്തുനേടി, ഹിന്ദു എന്തു നേടി, ക്രിസ്ത്യാനിക്ക് എന്ത് നഷ്ടപ്പെട്ടു. ജാതിയമായി നായരെന്തു നേടി, പറയരെന്തുനേടി, പുലയരെന്തുനേടി, ബ്രാഹ്മണനെന്തു നേടി എന്നൊക്കെ തരത്തിലുള്ള കാര്യങ്ങളല്ലാതെ സമൂഹത്തെ ഏകോദര സഹോദരങ്ങളെപ്പോലെ കാണാനും ചിന്തിക്കാനും നഷ്ടപ്പെടുന്ന അവകാശത്തെയോർത്ത് വിലപിക്കുകയാണ്. കിട്ടിയ കാര്യങ്ങളെയോർത്ത് സന്തോഷിക്കുവാൻ ആരും തയ്യാറാകുന്നില്ല.

**വീട് എന്നു പറയുന്നത് എല്ലാവരുടെയും സ്വപ്നമാണ്. നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് ആളുകളാണ് അന്തിയുറങ്ങുവാൻവേണ്ടി കൂരയില്ലാതെ തണുപ്പിൽ പിടഞ്ഞു മരിക്കുന്നത്. കൊടുംവെയിലിൽ ചുട്ടുപൊള്ളി മരിക്കുന്നവരുണ്ട്. ഇന്ന് ഇവിടെ കണ്ടുവരുന്നത് എന്താണ്? പത്തുകോടിയുടെയും പതിനഞ്ചു കോടിയുടെയും ആഡംബര വീടുകളാണ്. പണ്ട് ഒരു വീടെന്നു പറയുമ്പോൾ അത് ഗ്രാമം എന്ന വിശുദ്ധസങ്കല്പത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ആ വീടിനടുത്ത് ഒരു കുളം ഉണ്ടാവും. ഇന്ന് കുളവും കിണറുമെല്ലാം വലിയ വീടുകളുടെ മുകളിലാണ്. സിമ്മിംഗ് പൂളുകളുള്ള വീടുകൾ. ഈ പ്രദേശങ്ങളിലും അത്തരം വീടുകൾ കാണാൻ കഴിയും. സമൂഹത്തിന്റെ ദിശാബോധം, വിനിമയത്തിന്റെ തോത് മാറിപ്പോകുകയാണ്.**

മാതാപിതാക്കളെ നടതള്ളുന്ന സ്ഥിതിയിലേക്ക് സമൂഹം മാറിക്കൊണ്ടിരിക്കുന്നു. പത്തുമക്കളെ നൊന്തുപെറ്റ ഒരമ്മ. ഒരാളെ കൈയ്യിലും ഒരാളെ തോളത്തും മറ്റൊരാളെ മടിയിലും സമീപത്തുമൊക്കെയിരുത്തി വളർത്തിയ അമ്മ. ആ കുട്ടികൾ വളർന്നുകഴിയുമ്പോൾ പത്തുമക്കൾക്കുംകൂടി ഈ അമ്മയെ നോക്കാൻ കഴിയാതെവരുന്നു. അറുപതുവയസ്സുള്ള ഒരമ്മയെ ഓരോ മക്കളും ഒരോ വർഷം നോക്കിയാൽ എഴുപതുവയസ്സാകുമ്പോൾ എല്ലാമക്കളും അമ്മയെ നോക്കിയെന്നുവരും. പക്ഷേ, പത്തുമക്കളുടേയും തിരക്കുകൾമൂലം ഈ അമ്മയെ നോക്കുവാൻ കഴിയുന്നില്ല. മാതാപിതാക്കളെ ബഹുമാനിക്കുവാൻ, മുതിർന്നവരെ ബഹുമാനിക്കുവാൻ കുട്ടികൾക്ക് കഴിയുന്നില്ല. അദ്ധ്യാപകരെ ബഹുമാനിക്കാൻ കഴിയുന്നില്ല. പണ്ടൊക്കെ നമ്മളെയൊക്കെ പഠിപ്പിച്ച അദ്ധ്യാപകർ നമുക്ക് നൽകിയ തല്ല് നമ്മുടെ തുടയിലും നമ്മുടെ കൈയിലും ഇന്നുമതിന്റെ തഴമ്പ് ഉണ്ടാകും. പഴയ കലാലയങ്ങളിലേക്ക് കടന്നുചെല്ലുന്ന സമയത്ത് നമ്മുടെ ഗൃഹാതുര സ്മൃതികൾ എന്ന് പറയുന്നത് അവരുടെ ശാസനയുടെയും ശിക്ഷണത്തിന്റെയും ഓർമ്മകളാണ്. അതാണ് പ്രധാനമായും ഗുരുത്വം എന്നു പറയുന്നത്. ഇന്ന് അദ്ധ്യാപകൻ ഒരു കുട്ടിയെ ശാസിച്ചാൽ അത് വലിയ കുറ്റമാണ്. അത് വലിയ വിവാദമാകുന്നു. ആരേയും ശാസിക്കുവാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം. ആർക്കും ആരേയും തിരുത്തുവാൻ കഴിയാത്ത സ്ഥിതിവിശേഷം. നമ്മുടെ സമൂഹം എങ്ങോട്ടാണ് പോകുന്നത് എന്നു ചിന്തിച്ചുനോക്കുക.

ആധുനികത എന്നു പറയുന്നതിന്റെ പേരിൽ, അത്യന്താധുനികത എന്നു പറയുന്നതിന്റെ പേരിൽ സകല മൂല്യങ്ങളെയും നാം നിഷ്കരുണം തള്ളുന്നു. സമൂഹത്തിന്റെ സദാചാരബോധം അരാചകത്വത്തിനു വഴിമാറുകയാണ്. അരാചകത്വമാണ് സമൂഹത്തെ പ്രധാനമായും ഭരിക്കുന്നത്. പവ്രിതമായ ബന്ധങ്ങളില്ല. ഇഷ്ടമുള്ള കാലംവരെ വിവാഹംകഴിക്കാതെ ഒരുമിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യം. അതിനുവേണ്ടിയുള്ള ശ്രമമാണ് നമ്മുടെ രാജ്യത്ത് പ്രധാനമായും നടന്നുകൊണ്ടിരിക്കുന്നത്. പാശ്ചാത്യരെ അന്ധമായി അനുകരിക്കാനുള്ള ശ്രമത്തിൽ നമ്മുടെ കുടുംബബന്ധങ്ങൾ ശിഥിലമാകുകയാണ്. സമൂഹത്തിന്റെ ദിശാബോധം അപകടകരമായ നിലയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. അമിതമായ വിപണി ആസൂത്രിതമായി ചൂഷണം ചെയ്യുകയാണ്. പവിത്രമായ വിവാഹ ബന്ധങ്ങൾപോലും വലിയ കമ്പോളത്തിലെ ഉല്പന്നങ്ങളായി മാറുന്നു. വിവാഹം എന്നു പറയുന്നത് ഓരോ പെൺകുട്ടിയുടേയും സ്വപ്നമാണ്. നിർദ്ധനരായ ലക്ഷക്കണക്കിന് ആളുകൾക്ക് വിവാഹജീവിതം എന്നു പറയുന്നത് വലിയ ബാലികേറാമലയായി ചോദ്യചിഹ്നമായി മാറിയിരിക്കുന്നു. മാതാപിതാക്കളുടെ മുന്നിൽ വെല്ലുവിളിയായി നിൽക്കുന്നു. നൂറുകോടിയും ഇരുനൂറുകോടിയുമൊക്കെ മുടക്കി വിവാഹ മാമാങ്കങ്ങൾ നടത്തുന്ന സ്ഥിതിവിശേഷമാണ് നടക്കുന്നത്. ഓരോ വിവാഹമേളകളും ഈ സമൂഹത്തെ എത്രതരത്തിലാണ് പിന്നോട്ട് കൊണ്ടുപോകുന്നത് എന്ന് ചിന്തിക്കണം. പണ്ട് നമ്മുടെ വിവാഹം നടത്തിക്കൊണ്ടിരുന്നത് അമ്മയും അച്ഛനും അമ്മാവനുമൊക്കെയാണ്. ഇന്ന് അച്ഛനും അമ്മയും അമ്മാവനും കാർണവരും കാഴ്ചക്കാരനായി നിൽക്കുകയാണ്. ഈവന്റ് മാനേജ്മെന്റാണ് വിവാഹം നടത്തുന്നത്. അമ്മാവനുപകരം ഈവന്റ് മാനേജർ. വലിയ ഓഡിറ്റോറിയത്തിൽ ഇരിക്കുമ്പോൾ ഏറ്റവും മഹനീയമായ താലികെട്ട് ചടങ്ങ് കണ്ടിട്ടുണ്ടോ. ഫോട്ടോഗ്രാഫർമാരുടെ പുറംകണ്ട് പോകേണ്ടുന്ന സ്ഥിതി ഉണ്ടാകുന്നു. വീഡിയോഗ്രാഫർമാരുടെയും ഫോട്ടോഗ്രാഫർമാരുടെയും ഇഷ്ടത്തിനനുസരിച്ചാണ് താലികെട്ടുന്നത്. വിവാഹം വലിയ മാമാങ്കങ്ങളാണ്. പണം ഉള്ളവരെ സംബന്ധിച്ചിടത്തോളം ഇതു വലിയ കാര്യമല്ല. ഇങ്ങനെയുള്ള ആഡംബരങ്ങൾ ക്കും അതിഭ്രമങ്ങൾക്കും വേണ്ടി അവരുടെ ജീവിതവും അതിനനുസരിച്ച് നീങ്ങുകയാണ്.

വീട് എന്നു പറയുന്നത് എല്ലാവരുടെയും സ്വപ്നമാണ്. നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് ആളുകളാണ് അന്തിയുറങ്ങുവാൻവേണ്ടി കൂരയില്ലാതെ തണുപ്പിൽ പിടഞ്ഞു മരിക്കുന്നത്. കൊടുംവെയിലിൽ ചുട്ടുപൊള്ളി മരിക്കുന്നവരുണ്ട്. ഇന്ന് ഇവിടെ കണ്ടുവരുന്നത് എന്താണ്? പത്തുകോടിയുടെയും പതിനഞ്ചു കോടിയുടെയും ആഡംബര വീടുകളാണ്. പണ്ട് ഒരു വീടെന്നു പറയുമ്പോൾ അത് ഗ്രാമം എന്ന വിശുദ്ധ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ആ വീടിനടുത്ത് ഒരു കുളം ഉണ്ടാവും. ഇന്ന് കുളവും കിണറുമെല്ലാം വലിയ വീടുകളുടെ മുകളിലാണ്. സിമ്മിംഗ് പൂളുകളുള്ള വീടുകൾ. ഈ പ്രദേശങ്ങളിലും അത്തരം വീടുകൾ കാണാൻ കഴിയും. സമൂഹത്തിന്റെ ദിശാബോധം, വിനിമയത്തിന്റെ തോത് മാറിപ്പോകുകയാണ്. നാമെല്ലാം ആഗോളസംസ്കാരത്തിന് അടിമപ്പെടുകയാണ്. ഗ്രാമത്തിന്റെ വിശുദ്ധമായ സങ്കല്പം ഇന്നു കാണുവാൻ കഴിയില്ല. പ്രായപൂർത്തിയാകുന്നതിനുമുമ്പുതന്നെ മാതാപിതാക്കളെ മറന്ന് ആരുടെയെങ്കിലുമൊക്കെ പിന്നാലെ പോകുന്ന പെൺകുട്ടികളെയും വീട്ടുകാരുടെ അനുവാദമില്ലാതെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പിടിച്ചുകൊണ്ടുവരുന്ന ആൺകുട്ടികളെയും കണ്ട് മനസ്സ് മടുത്തുപോകുന്നു. നമ്മുടെ സമൂഹം പല പ്രകാരങ്ങളിൽ ചിതറിപോകുകയാണ്. കേരളത്തെ നടുക്കുന്ന കാര്യങ്ങളാണ് കഴിഞ്ഞ കുറെനാളുകളായി നടക്കുന്നത്.

സദാചാരബോധത്തിന്റെ ഊഷ്മളതയുടെ ആകെത്തുകയായ സ്നേഹത്തിനു ദിശാബോധം സംഭവിച്ചിരിക്കുന്നു. ചുംബനസമരത്തിലേക്കും അതുപോലെയുള്ള വിവാദങ്ങളിലേക്കും മാറിപ്പോകുകയാണ്. പൊതുവേദിയിൽ മറ്റുള്ളവർക്കു കാണുവാൻ അരുതാത്ത കാര്യങ്ങൾ പരസ്യമായി കാണുകയാണ്. യാതൊരുവിധ മടിയുമില്ലാത്തവരായി എന്തും ചെയ്യാൻ പോന്നവരായി ചെറുപ്പക്കാർ മാറിയിരിക്കുകയാണ്. അവരുടെയൊക്കെ കുഴലൂത്തുകാരായി മാധ്യമങ്ങളും മാറുന്നു. ചുംബനസമരം കൊച്ചിയിലാണ് നടന്നത്. അതു കഴിഞ്ഞ് ആലപ്പുഴയിൽ നടക്കുകയുണ്ടായി. പങ്കെടുക്കുവാനല്ല ഏറെപ്പേരും പോയത്. ആയിരക്കണക്കിന് ആളുകളാണ് അത് കാണുവാൻ പോയത്. കോഴിക്കോട് അതിനു സമാനമായ തരത്തിലുള്ളത് നടന്നു. പങ്കെടുത്തവരും കണ്ടുനിന്നവരും തമ്മിൽ വാഗ്വാദം ഉണ്ടായി. ഒടുവിൽ പോലീസ് ചാത്തിച്ചാർജ് നടത്തുകയുണ്ടായി. വർഗീയവാദികൾ എന്ന് മുദ്രകുത്തിക്കൊണ്ട് സമൂഹത്തിൽ നടക്കുന്ന സദാചാരത്തിനെതിരെയുള്ള കാര്യങ്ങൾ എതിർക്കുവാൻ കഴിയാത്ത സ്ഥിതിവിശേഷം. എന്തെങ്കിലും നടക്കുമ്പോൾ അത് ബജറംഗദൾ, അല്ലെങ്കിൽ ഗ്രാമസേന. കുറേയാളുകളെ അങ്ങനെ മുദ്രകുത്തി വർഗീകരിച്ച് നമ്മുടെ സമൂഹത്തിൽ നടക്കുന്ന ദുരാചാരങ്ങളെയും അനാചാരങ്ങളെയും എതിർക്കുവാൻ ആർക്കും കഴിയാത്ത സ്ഥിതി വിശേഷം നമ്മുടെ സമൂഹത്തിലുണ്ട്. പ്രായപൂർത്തിയാകാത്ത ഒരാണും പെണ്ണും അസ്വഭാവികമായി നിന്നു സംസാരിക്കുന്നതു കണ്ടാൽ എന്താ കാര്യമെന്ന് പ്രായമായവർ ചോദിക്കും. സദാചാരത്തിനു വിരുദ്ധമായ കാര്യങ്ങൾ അയൽവക്കത്തെവിടെയെങ്കിലുമുണ്ടായാൽ നമ്മുടെ നാട്ടിലുള്ള ആണുങ്ങളൊക്കെ അതിനെതിരെ കൂടും. ഇന്നത് നടക്കുന്നില്ല. ആരെങ്കിലും ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾക്കെതിരെ ഇറങ്ങിപ്പുറപ്പെട്ടാൽ അവരെ സദാചാരപോലീസ് എന്ന് മുദ്രകുത്തുന്നു. ഈ സമൂഹത്തിൽ ആർക്കും ആരേയും തിരുത്തുവാൻ കഴിയുന്നില്ല. ഒറ്റപ്പെട്ട പല സ്ഥലങ്ങളിലും ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ ആ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ചു തിരുത്തുവാൻ കഴിയാത്തവിധം വിവേകബുദ്ധി നഷ്ടപ്പെട്ടുപോകയാണ്. മാതാപിതാക്കളെ ബഹുമാനിക്കുവാൻ കഴിയാത്തവിധത്തിൽ സമൂഹം മാറിപ്പോകുന്നു.

ഇതെങ്ങനെ സമൂഹത്തിൽ സംഭവിച്ചു? ലോകം ചെറിയ ഗ്രാമങ്ങളിൽനിന്നും ആഗോളതലത്തിലേക്ക് വളരുകയാണ്. നമ്മൾ

➲10

# അഴീക്കോട് സാറിന്റെ അവസാനനാളുകൾ



യറിലെ സ്റ്റാഫും റൂമിലുണ്ടായിരുന്നു. അപ്പോഴാണ് സാറിന്റെ ഉറക്കെയുള്ള പ്രസംഗം കേൾക്കുന്നത്. വെറും വിചാരമാണോ എന്നു ഞാൻ വിചാരിച്ചു. സാർ പറയുന്ന വിഷയം ആന്റണി സാറിനെക്കുറിച്ചായിരുന്നു. 'ഹിമാലയം മഞ്ഞുതുള്ളിയെ കാണാൻ വരുന്നു' എന്നാണ് സാർ പറഞ്ഞത്. പിറ്റേന്ന് ഞാൻ സാറിനോട് ചോദിച്ചു. 'എന്തോ ഉറക്കത്തിൽ പ്രസംഗിക്കുന്നുണ്ടായിരുന്നുവല്ലോ.'

'ഉറക്കത്തിലായിരുന്നില്ല. ആന്റണി വരുന്നതിനെക്കുറിച്ച് പ്രസംഗം തയ്യാറാക്കുകയായിരുന്നു.'

'ഹിമാലയത്തോളമുണ്ടോ ആന്റണി സാർ?'

'പിന്നല്ലാതെ, രാഷ്ട്രീയത്തിൽ അദ്ദേഹം ഒരു ഹിമാലയം തന്നെയാണ്.'

ആത്മകഥയുടെ പ്രകാശനം ബഹുമാനപ്പെട്ട എ.കെ.ആന്റണി സാർ നിർവ്വഹിച്ചു.

അമല ആശുപത്രിയിൽ സാറിന്റെ റൂം ഒരു സാംസ്കാരിക കേന്ദ്രമാകുകയായിരുന്നു. മമ്മൂട്ടിയെക്കുറിച്ചുള്ള 'നക്ഷത്രങ്ങളുടെ രാജകുമാരൻ' എന്ന പുസ്തകം സാർ പ്രകാശനം ചെയ്തു. അങ്ങനെ ഒരുപാട് പരിപാടികൾ അവിടെവച്ചു നടന്നു.

സാറിന്റെ വക്കീൽ ലീനാ ജയസൂര്യ കാണാൻ വന്നു. മോഹൻ ലാലിന്റെ വക്കീൽ എന്നെ വിളിച്ചിരുന്നു. മോഹൻലാൽ സാറിനെ കാണാൻ വരുന്നുവെന്ന് പറഞ്ഞു. ഞാനും രണ്ടു വക്കീലന്മാരും ഇരുന്ന് സംസാരിച്ചു. എല്ലാവരും സാറിന്റെ അടുത്തുവന്ന് പിണക്കങ്ങളും പരിഭവങ്ങളും മാറ്റി. അതുകൊണ്ടുതന്നെ ഈ കേസ് മുന്നോട്ടു കൊണ്ടുപോകാതെ ഒത്തുതീർപ്പാക്കണം. ഇതു കേട്ടതും മോഹൻലാലിന്റെ വക്കീലിനു സന്തോഷമായി. അഴീക്കോട് സാറും, വക്കീലുമായി സംസാരിച്ച് പേപ്പർ സൈൻ ചെയ്ത് വക്കീലിനു കൈമാറി. അവിടെവെച്ചുതന്നെ മാധ്യമപ്രവർത്തകരോട് കാര്യങ്ങൾ അവതരിപ്പിച്ചു. അന്ന് രാത്രിയിൽ മോഹൻലാലിന്റെ അമ്മ വിളിച്ചു. മോഹൻലാൽ വിദേശത്തുനിന്നും വന്നാലുടൻ സാറിനെ കാണാൻ വരുമെന്ന് പറഞ്ഞു.

ഒരുദിവസം രാവിലെ എട്ടുമണിയോടുകൂടി എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. അത് വിലാസിനി ടീച്ചറിന്റേതായിരുന്നു. ആശുപത്രി ഗേയ്റ്റിനടുത്തുനിന്നുമാണ് വിളിക്കുന്നത്.

ആദ്യമായിട്ടാണ് ആ ശബ്ദം കേൾക്കുന്നത്. സാറിനെ കാണണം. അതാണാവശ്യം.

മുല്ലപ്പെരിയാർ ഡാം വിഷയം ഉണ്ടായത് ആ സമയത്തായിരുന്നു. മുല്ലപ്പെരിയാർ സമര സമിതിക്കാർ സാറിനെ കാണുവാൻ വന്നു. പത്രക്കാരും ഉണ്ടായിരുന്നു. സഖാവ് പിണറായി വിജയനും ഭാര്യയും ആശുപത്രിയിൽ ഉണ്ടായിരുന്നു. എന്റെ അസുഖം മാറിയില്ലെങ്കിലും മുല്ലപ്പെരിയാറിന്റെ അസുഖം മാറിയാൽ മതി എന്നായിരുന്നു സാറിന്റെ പ്രതികരണം. പിറ്റേദിവസം പത്രം വായിച്ച ഓരോ മനസ്സും തേങ്ങിയിട്ടുണ്ടാവും. ജനുവരി 20ന് സാറിന്റെ നാഡിമിടിപ്പ് കുറഞ്ഞുകൊണ്ടേയിരുന്നു. കിഡ്നിയുടെ പ്രവർത്തനം തകരാറിലായി. മരുന്നിന്റെ ഡോസ് സാറിനെ എപ്പോഴും മയക്കത്തിലേക്ക് വീഴ്ത്തി. അപ്പോഴും സാറിനെ കാണാൻ ജനങ്ങൾ വന്നുകൊണ്ടിരുന്നു. റൂമിലേക്കുള്ള പ്രവേശനം തടസ്സപ്പെട്ടു. എന്റെ ധൈര്യം ചോർന്നുപൊയ്ക്കൊണ്ടിരുന്നു. 2012 ജനുവരി 23ന് രാവിലെ മോഹൻലാലിന് ആശുപത്രിയിൽ വരുവാൻ താല്പര്യമുണ്ടെന്നു മാതൃഭൂമി ഡെപ്യൂട്ടി ഡയറക്ടർ എൻ.പി.സുരേന്ദ്രൻ അറിയിച്ചു. ആ സമയത്ത് സാറിന് ഓക്സിജൻ കൊടുക്കുന്നുണ്ടായിരുന്നു. ഈ സമയത്ത് സാറിനെ കാണാൻ സമ്മതിക്കില്ലെന്നു പറഞ്ഞു. എസ്.പി.വിജയൻ വിളിച്ചു. അഴീക്കോട് സാർ ഒരുപക്ഷെ മോഹൻലാൽ വരാൻ വേണ്ടി കാത്തുകിടക്കുകയാണോ എന്ന് എനിക്കു തോന്നി. രാത്രി പത്തര ആയപ്പോഴേക്കും മോഹൻലാൽ വന്നു. എസ്.പി. വിജയൻസാറും, മാതൃഭൂമി ഡെപ്യൂട്ടി ഡയറക്ടർ എൻ.പി. സുരേന്ദ്രനും ഉണ്ടായിരുന്നു. മോഹൻലാൽ അദ്ദേഹത്തിന്റെ കാൽ തൊട്ടുവന്ദിച്ചു. രണ്ടു മിനിട്ട് കണ്ണടച്ചു നിന്നു. പുറത്ത് പത്രക്കാരുടെയും ചാനലുകാരുടെയും ബഹളമായിരുന്നു. അന്ന് സാറിന്റെ നില ഗുരുതരമായിരുന്നു. 2012 ജനുവരി 24ന് രാവിലെ 6 മണിയായപ്പോൾ സാർ പതുക്കെ കണ്ണുതുറന്നു. എല്ലാവരേയും നോക്കി. ഒരുനിമിഷം അങ്ങനെ തന്നെ നിന്നു. അതുകഴിഞ്ഞപ്പോൾ ആ കണ്ണുകൾ പതുക്കെ അടയാൻ തുടങ്ങി. വീണ്ടും തുറക്കാത്ത വിധം ആ കണ്ണുകൾ അടഞ്ഞു. ഒരു കൊച്ചുകുട്ടി ഉറങ്ങുന്നതുപോലെ.

അഴീക്കോട് സാർ വിട്ടു പിരിഞ്ഞിട്ട് നാലു വർഷമായിരിക്കുന്നു. ഈ അടുത്തസമയത്ത് എനിക്ക് ഒരു പനി വന്നു. മുറിയിൽ ഞാൻ അനാഥനെപ്പോലെ കിടക്കുകയായിരുന്നു. സാർ നെറ്റിയിൽ വന്ന് തലോടുന്നതുപോലെ തോന്നി. ഞാൻ വിയർത്തു കുളിച്ചിരുന്നു. ഞാൻ ഞെട്ടിയുണർന്നു. സമയം രാത്രി രണ്ടു മണി. സാറിന്റെ മണം എന്റെ മുറിയിൽ തങ്ങിനിന്നിരുന്നു.

# വീണ്ടെടുക്കേണ്ട സാംസ്കാരിക തനിമ

ജീവിക്കുന്ന ചുറ്റുപാട് അതും ആഗോളീകരണത്തിന്റെ ഭാഗമായി വളരുകയാണ്. പാശ്ചാത്യ പൗരസ്ത്യത്തിന്റെ അമിതമായ സ്വാധീനം നമ്മുടെ ജീവിതത്തെ, നമ്മുടെ സമൂഹത്തെ നമ്മുടെ പ്രകൃതിയെ, നമ്മുടെ ചിന്താശേഷിയെ നമ്മുടെ ജീവിതരീതിയെ എല്ലാത്തിനേയും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ബന്ധങ്ങളെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. മൂല്യങ്ങളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ആർക്കും ആരോടും ഒരു കടപ്പാടില്ല. സഹോദരനും സഹോദരിക്കും തമ്മിൽ കടപ്പാടില്ല. അച്ഛനും അമ്മയ്ക്കും കടപ്പാടില്ല.

മഹാനായിരുന്ന ഏബ്രഹാം ലിങ്കൻ, അമേരിക്കയുടെ എക്കാലത്തേയും പ്രസിഡന്റ്, അദ്ദേഹം വളരെ താഴ്ന്ന കുലത്തിൽ ജനിച്ച ആളാണ്. ചെരുപ്പുകുത്തിയുടെ മകനാണ്. പ്രസിഡന്റായി വിജയിച്ചതിനുശേഷം പാർലമെന്റിനെ ആദ്യമായി അഭിസംബോധന ചെയ്യുവാനായി വരുമ്പോൾ അദ്ദേഹത്തിന്റെ മുന്നിലിരിക്കുന്നത് പ്രഭുക്കന്മാരാണ്, പ്രമുഖന്മാരാണ്. വിദ്യാഭ്യാസ വിചക്ഷണന്മാരാണ്. അദ്ദേഹം പാർലമെന്റിനെ അഭിസംബോധന ചെയ്യുവാൻ തുടങ്ങിയപ്പോൾ ഒരാൾ എഴുന്നേറ്റ് അദ്ദേഹത്തിന്റെ ഷൂ ഉയർത്തിക്കാണിച്ചു. മിസ്റ്റർ ലിങ്കൻ ഇത് നിങ്ങളുടെ പിതാവ് ഉണ്ടാക്കിത്തന്നതാണ്. കേട്ടവരെല്ലാം നിശ്ശബ്ദരായി. രാജ്യത്തിന്റെ പ്രസിഡന്റിനോടാണ് പറയുന്നത്. തന്നെ താഴ്ത്തിക്കെട്ടാൻവേണ്ടി, തന്നെ പരിമിതപ്പെടുത്തുവാൻ വേണ്ടി, തന്റെ ചിന്തകളെ അവതാളപ്പെടുത്താൻ വേണ്ടി, തന്നെ അപമാനിക്കാൻ വേണ്ടിയാണ് ആ പ്രഭു അങ്ങനെ പറഞ്ഞത്. യാതൊരു ഭാവവ്യത്യാസവും കൂടാതെ ലിങ്കൻ പറഞ്ഞു. നിങ്ങൾ ഈ ചെരിപ്പ് ഉയർത്തിക്കാണിച്ചതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. കാരണം, ഇത് ഉയർത്തിക്കാണിക്കുന്ന സമയത്ത് ഞാൻ എന്റെ പിതാവിനെക്കുറിച്ച് ആലോചിച്ചു. ഇല്ലായ്മയിൽനിന്നും പരിവട്ടത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും എന്നെ ഞാനാക്കുവാൻ വേണ്ടി എന്റെ പിതാവ് ചെയ്ത ത്യാഗത്തെക്കുറിച്ച് ഞാനോർക്കുന്നു. എനിക്കുവേണ്ടി പട്ടിണികിടന്ന, എനിക്കുവേണ്ടി കരഞ്ഞ, ജീവിതത്തിന്റെ കനൽവഴികൾ എന്നെ അറിയിക്കാതെ കൈപിടിച്ച് നടത്തിയ, എന്നെ ഞാനാക്കിയ എന്റെ പിതാവിനെക്കുറിച്ച് ഞാ നോർമ്മിക്കുന്നു. ഏതെങ്കിലുമൊരു സമയത്ത് നിങ്ങളുടെ ഷൂ ഉപയോഗിക്കാൻ കഴിയാതെ വരുമ്പോൾ അത് കൊണ്ടുവരണം. ആ ഷൂ എന്റെ കൈയ്യിൽ കിട്ടുമ്പോൾ ഒരുനിമിഷം അത് എന്റെ നെഞ്ചോടു ചേർക്കും. അങ്ങനെ ചേർക്കുമ്പോൾ എന്റെ പിതാവിന്റെ ചൂടിനെ ഞാൻ തിരിച്ചറിയും. എന്റെ പിതാവിന്റെ സ്നേഹത്തെ ഞാൻ തിരിച്ചറിയും. ആ ജീവിതത്തിന്റെ താപത്തെ ഞാൻ തിരിച്ചറിയും. എന്നെ ഞാനാക്കിയ ആ ത്യാഗത്തെ ഞാൻ തിരിച്ചറിയും. ലോകത്തിലെ ഒരു വലിയ മനുഷ്യൻ പറഞ്ഞ കഥയാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. നമ്മളെ നമ്മളാക്കുവാൻ വേണ്ടി, ജീവിതം കരുപ്പിടിപ്പിക്കാൻ വേണ്ടി നമ്മളെ നമ്മളാക്കുവാൻവേണ്ടി നമുക്കുവേണ്ടി ത്യാഗം ചെയ്ത, നമുക്കുവേണ്ടി വേദന അനുഭവിച്ച, നമുക്കുവേണ്ടി പട്ടിണി കിടന്ന ജീവിതത്തിലെ കഷ്ടപ്പാടിലൂടെ നമ്മളെ നമ്മളാക്കിയ നമ്മുടെ മാതാപിതാക്കളെ തിരിച്ചറിയുവാൻ നമ്മുടെ ഈ സമൂഹത്തിന് കഴിഞ്ഞില്ലായെങ്കിൽ വലിയ അപകടം സംഭവിക്കും.

പണമല്ല ഒന്നിന്റെയും അടിസ്ഥാനം. ആ പണത്തിനും ആഡംബരത്തിനുമനുസരിച്ച് നമ്മുടെ സമൂഹത്തിന്റെ മാപിനികളെ കാണാതിരിക്കാൻ ശ്രമിക്കുക. എല്ലാവർക്കും വാരിക്കോരികൊടുക്കാൻ നമുക്ക് കഴിഞ്ഞെന്നുവരില്ല. പക്ഷേ, ഊഷ്മളമായ ആ ബന്ധങ്ങൾ പരസ്പരം സൂക്ഷിക്കുവാൻ കഴിയണം.

റഷ്യയിൽ വലിയ യുദ്ധം നടക്കുന്ന കാലം. ആ യുദ്ധം കഴിഞ്ഞ് അവിടെ കൊടിയ ദാരിദ്ര്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വവിഖ്യാതനായ സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയി അദ്ദേഹം നിരത്തിലൂടെ നടന്നുപോകുന്ന സമയത്ത് പെട്ടെന്നദ്ദേഹം ഒരു ശബ്ദം കേട്ട് തിരിഞ്ഞുനോക്കി. ഒരു പിച്ചക്കാരൻ അദ്ദേഹത്തിന്റെ കൈയിലേക്ക് ദയനീയമായി നോക്കി. ലിയോ ടോൾസ്റ്റോയി പോക്കറ്റിൽ പരതിനോക്കി. ഇയാൾക്ക് കൊടുക്കുവാനായി ഒന്നുമില്ലല്ലോ എന്നു വിഷമിച്ചു. ലിയോ ടോൾസ്റ്റോയി അയാളെ ചേർത്തുപിടിച്ചു. സഹോദരാ, നിങ്ങൾക്ക് തരുവാനായി എന്റെ കൈയ്യിൽ ഒന്നുമില്ല. എനിക്കു തരുവാനുള്ളത് സ്നേഹം മാത്രമാണ്. പിച്ചക്കാരൻ പൊട്ടിക്കരഞ്ഞു. എനിക്ക് ഒന്നും തന്നില്ലായെങ്കിൽകൂടി, എന്നോട് അങ്ങ് കാണിച്ച ഈ ആത്മാർത്ഥത ഒരുകാലത്തും ഞാൻ മറക്കില്ല. ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളെ, ഈ സ്നേഹത്തെ സത്യസന്ധതയെ നിലനിർത്തേണ്ടതാണ്.

സമൂഹത്തിലെ സാധാരണക്കാരായ ആളുകളെ സ്നേഹിക്കുവാനും ദൈന്യതയോടെ കരുണകാണിക്കാനും, പാവപ്പെട്ടവനെ പുച്ഛിക്കാതെ അവനെ ജീവിതത്തിലേക്ക് ചേർത്തുനിർത്തുവാനും, നമ്മളെ നമ്മളാക്കിയ മാതാപിതാക്കളെ സ്നേഹിക്കുവാനും, സമൂഹത്തിലെ നല്ല കാര്യങ്ങളോടു എപ്പോഴും ചേർന്നുനിൽക്കുവാനും, സമൂഹത്തെ ഇല്ലാതാക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെ പുറം തിരിഞ്ഞുനിൽക്കുവാനും, സമൂഹത്തിലെ ആഡംബരങ്ങളോടും അരാജകത്വത്തോടും നിർണ്ണായകമായ ദൂരം പാലിക്കുവാനും കഴിയണം. അങ്ങനെയെങ്കിൽ മാത്രമേ വലിയ ആശയങ്ങൾ ജീവിതത്തിൽ പിൻതുടരുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും അത് ലോകത്തിൽ പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുകയുള്ളൂ. നമ്മുടെ ജീവിതം സാർത്ഥകമാകുകയുള്ളൂ. ഗുരുശിഷ്യപാരസ്പര്യത്തിലധിഷ്ഠിതമായ സ്നേഹത്തെ, ആത്മീയതയുടെ ഔന്നിത്യത്തെ പ്രകടിപ്പിക്കുവാനും ബോധ്യപ്പെടുത്തുവാനുമുള്ള വലിയ ദൗത്യമാണ് നമ്മളിലുണ്ടാകേണ്ടത്. ഗുരുവിന്റെ കാരുണ്യം അതിനുണ്ടാകട്ടെ.

(ഹരിപ്പാട് ശാന്തിഗിരി ആശ്രമത്തിൽ നടത്തിയ പ്രഭാഷണം)
*പ്രശസ്തരുടെ പ്രഭാഷണങ്ങൾ* എന്ന കൃതിക്കുവേണ്ടി.